# അക്ഷരക്കൂട്ടം



Little kite digital magazine

മാർ സ്റ്റീഫൻ. എച്ച്. എസ്. വാളകം



**H G MARKOSE MOR CHRYSOSTAMOSE METROPOLITA**
**PRESIDENT E.A.E**



**REV.Fr.VARGHESE KUTTIPPUZHAYIL (CORPORATE MANAGER)**

# ആശംസകൾ



വിവരവിനിമയ സാങ്കേതികവിദ്യയിൽ വൈവിധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തുന്നതിനായി കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ രൂപീകരിക്കപ്പെട്ട ' ലിറ്റിൽ കൈറ്റ്സ് ' എന്ന കുട്ടികളുടെ ഐ . ടി. കൂട്ടായ്മ 2018 മുതൽ പ്രവർത്തിച്ചുവരുന്നു . പ്രസ്തുത കൂട്ടായ്മയുടെ ഒരു യൂണിറ്റ് വാളകം മാർ സ്റ്റീഫൻ സ്കൂളിലും പ്രവർത്തിക്കുന്നു .

' ലിറ്റിൽ കൈറ്റ്സ് ' യൂണിറ്റിന്റെ ഒരു പ്രധാന പ്രവർത്തനമായ 2018 – 19 വർഷത്തെ സ്കൂൾ മാഗസിൻ പൂർത്തീകരിച്ചിരിക്കുന്നു . കുട്ടികളുടെ സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കാൻ ' ലിറ്റിൽ കൈറ്റ്സ് ' അംഗങ്ങളുടെ സാങ്കേതിക മികവ് പ്രയോജനപ്പെടുത്താൻ കഴിഞ്ഞതിൽ ഏറെ അഭിമാനിക്കുന്നു

ഇ – മാഗസിൻ പ്രവർത്തനങ്ങൾ വരും വർഷങ്ങളിലും കാര്യക്ഷമതയോടെ നൂതന സാങ്കേതിക വിദ്യാ ലോകത്ത് മികവാർന്ന പ്രവർത്തനങ്ങളിലൂടെ തങ്ങളുടെ  സ്ഥാനമുറപ്പിക്കാനും ലക്ഷ്യം പൂർത്തീകരിക്കാനും യൂണിറ്റ് അംഗങ്ങൾക്ക് സാധിക്കട്ടെ എന്നും ആശിക്കുന്നു .

**REJI P PAULOSE**

**HEADMASTER**

# ആശംസകൾ



അനസ്യൂതം മുന്നോട്ട് നീങ്ങുന്ന ജീവിതയാത്രയിൽ ഏറെ അഭിമാനത്തോടും ആത്മവിശ്വാസത്തോടും പുതുയുഗപ്രതിഭകളായ നമ്മുടെ ഇളം തലമുറ അവരുടെ ആശകളും ആശങ്കകളും ചിന്തകളും പ്രതീക്ഷകളും സ്വപ്നങ്ങളും ഉൾവിളികളും അവരുടേതായ തനതു ശൈലിയിൽ ഈ മാഗസിൻ താളുകളിലൂടെ പ്രിയ വായനക്കാർക്കായി സമർപ്പിക്കുന്ന പുതിയതലമുറയുടെ പുതിയ ആശയങ്ങൾക്കുള്ള പൂർത്തീകരണമാണ് ലാറ്റിൽകൈറ്റ്സ് ഐ ടി ക്ലബ്ബ് .ഇത് ആരംഭിക്കുമ്പോൾ വളരെ ഉത്സാഹത്തോടെ കുട്ടികൾ ഇതിൽ ചേരുകയും സമയനിഷ്ഠകൂടാതെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്തു . ഇതിൽ  പ്രവർത്തിച്ച എല്ലാ അംഗങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. ഒപ്പം നടക്കുകയും സഹകരിക്കുകയും ചെയ്ത സ്റ്റാഫ് അംഗങ്ങളെയും ഓർക്കുന്നു. ഡിജിറ്റൽ മാഗസിന് എല്ലാവിധ സഹകരണങ്ങളും നല്കിയ കുട്ടിപ്പട്ടങ്ങൾക്ക് ആശംസകൾനേരുന്നു

**ബൈജു എം വർഗീസ്**
**കൈറ്റ് മാസ്റ്റർ**

# ആശംസകൾ



ഹൈടെക് പദ്ധതിയുടെ ഭാഗമായി രൂപപ്പെട്ട ' ലിറ്റിൽ കൈറ്റ്സ് ' എന്ന ഐ . ടി കൂട്ടായ്മ ഒരു വർഷത്തെ പരിശീലനത്തിലൂടെ നേടിയ വിവരവിനിമയ സാങ്കേതിക വിദ്യയിലെ വൈദഗ്ധ്യം ഒരു ഡിജിറ്റൽ മാഗസിനിലൂടെ പ്രകടമാക്കാൻ ശ്രമിക്കുന്നു . സമയപരിമിതികളെ മറികടന്നുകൊണ്ട് കഠിനപ്രയത്നത്തിലൂടെ കുട്ടികൾ തങ്ങളുടെ ലക്ഷ്യത്തിലെത്തിയിരിക്കുന്നു .

കുട്ടികളുടെയും അധ്യാപകരുടെയും സർഗാത്മക രചനകൾ ശേഖരിക്കുകയും വേണ്ട തിരുത്തലുകളും ക്രമീകരണങ്ങളും വരുത്തി മികച്ച ഒരു ഇ – മാഗസിൻ പുറത്തിറക്കാൻ ശ്രമിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെയും അഭിനന്ദിക്കുന്നു . ആത്മവിശ്വാസത്തോടെ വരും വർഷങ്ങളിലും കൂടുതൽ മനോഹരവും വൈവിധ്യമാർന്നതുമായ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അംഗങ്ങൾക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു .

മേരി. പി. അൽഫോൺസ്
ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

## കുട്ടിപ്പട്ടങ്ങൾ



## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ : റെജി. പി. പൗലോസ്
(ഹെഡ്മാസ്റ്റർ )

സ്റ്റാഫ് എഡിറ്റർ : മേരി. പി. അൽഫോൺസ്


സ്റ്റുഡന്റ് എഡിറ്റർ : അശ്വതി മധു

കവർ : ജോയൽ ഷിജു

ടൈപ്പിംഗ് : ലിറ്റിൽ കൈറ്റ്സ്

ഡിസൈൻ / എഡിറ്റിംഗ് : ബൈജു. എം. വർഗ്ഗീസ്

## അക്ഷരമുറ്റം




വര-ദേവദാസ്

**ഉള്ളടക്കം**

ആശംസകൾ....3
ആശംസകൾ....4
ആശംസകൾ....5
കുട്ടിപ്പട്ടങ്ങൾ....6
എഡിറ്റോറിയൽ ബോർഡ്....7
അക്ഷരമുറ്റം....7
മാർ സ്റ്റീഫൻ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ....10
കൊഴിഞ്ഞുപ്പോയ അഗ്നിച്ചിറകുകൾ....11
പച്ചക്കറി വിളവെടുപ്പ്....13
പഴഞ്ചൊല്ലുകൾ....14
മഴ....14
കൃഷി....14
ഓണം....14
വട്ടെഴുത്തുലിഖിതങ്ങൾ....14
വായന....15
പുൽച്ചാടിയും ഉറുമ്പുകളും....15
നാടൻകളികൾ....16
കല്ലുകളി....16
അമ്മാനമാട്ടം....16
വള്ളിച്ചാട്ടം....16
പന്തുകളി....16
വൈക്കം മുഹമ്മദ് ബഷീർ....16
പട്ടം....17
മലയാളമാണെന്റെ ഭാഷ....17
മലയാള കവിതയിലെ മഹത്തായവരികൾ....18
പൂമ്പാറ്റ – ചെറുകഥ....18
കിട്ടാത്ത മുന്തിരി പുളിക്കും....18
കുഴിപ്പന്തുകളി....19
സിംഹവും ചുണ്ടെലിയും....19
ക്വിസ്....20
മഴത്തുള്ളി....20
വായന മനസ്സിൻെറ ഭക്ഷണം....21
കാറ്റിൽനിന്ന് ഊർജം....21
മലയാള കവിതയിലെ മഹത്തായവരികൾ....22

ഒ.എൻ.വി കുറുപ്പ്.......23
ജീവിതരേഖ.......23
ഔദ്യോഗിക ജീവിതം.......24
വായനാശീലം അനിവാര്യമോ ?.......25
കീരിയും പാമ്പും.......25
അധ്യാപകദിനം.......26
ഭാഷാപിതാവ്.......27
സ്കൂൾ വാർഷികം ക്യാമറക്കണ്ണിലൂടെ.......28
ഇന്ത്യയിലെ ഒന്നാം സ്വാതന്ത്ര്യ സമരം.......30
ക്രിസ്തുമസ്സ് ആഘോഷം.......31
പഴഞ്ചൊല്ലുകൾ- വിത്തും വിളവും.......32
ഗണിതക്വസ്.......32
പനിനീർപ്പൂ.......33
പ്രതീക്ഷയുടെ ലോകം.......34
വായനാശീലം അനിവാര്യമോ ?.......35
വിഷുവിൻെറ ആരംഭവും നാടോടിക്കഥയും.......35
കൃഷിക്കാരൻെറ യുക്തി.......36
ഗാന്ധിജി ക്വിസ്.......37
ജ്വാല.......37
പടയണി.......38
ലോകരാജ്യങ്ങളിലേക്ക് ഒരു ജാലകം.......38
പൊന്നോണം.......39
.......39
ഹരിതകേരളമേ.......40
ഞാനറിയാതെ.......41
അമ്മയുടെ നിലവിളി.......42
താരീകന്താരോം.......43
ഹൃദയസ്മിതം.......43
ബഹിരാകാശത്തിലെ പറന്നനടക്കൽ.......44
അക്ഷരങ്ങളുടെതോഴൻ.......45
നഗരം.......46
അമ്മൂമ്മക്കഥകൾ.......47
പ്രതിഭകൾ.......48

## മാർ സ്റ്റീഫൻ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ




മാർ സ്റ്റീഫൻ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ പൗരസ്ത്യ സുവിശേഷ സമാജത്തിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. 1934 ൽ ആരംഭിച്ച ഈ സ്കൂളിൽ ഇപ്പോൾ 5 മുതൽ 10 വരെ മലയാളം മീഡിയവും ഇംഗ്ലീഷ് മീഡിയവും ക്ലാസ്സുകൾ ഉണ്ട്.കൂടാതെ 2000 ൽ ആരംഭിച്ച വൊക്കേഷൻ ഹയർ സെക്കണ്ടറി വിഭാഗത്തൽ അഗ്രികൾച്ചർ, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നീ രണ്ടു കോഴ്സുകളാണുള്ളത്.

2014 ൽ ആരംഭിച്ച ഹയർ സെക്കണ്ടറി വിഭാഗത്തിൽ സയൻസും,കൊമേഴ്സ് എന്നീ കോഴ്സുകൾ ഉണ്ട്.

കുട്ടികളുടെ സർവ്വതോന്മുഖമായ കഴിവുകളെ വികസിപ്പിക്കാൻ ഉതകുന്ന ഒരു സ്കൂൾ അന്തരീക്ഷമാണ് ഇവിടെയുള്ളത്.സ്കൂൾ ബസ് സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്.

_ വിദ്യാഭ്യാസപരമായി പുരോഗതി നേടുവാനും ധാർമ്മികമായി വളർച്ച ഉണ്ടാകുവാനും സാമൂഹിക പ്രതിബദ്ധത ഉണ്ടാകുവാനും ആത്മീയ ഉൾക്കാഴ്ച ഉണ്ടാകുവാനും വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നു.

# കൊഴിഞ്ഞുപോയ അഗ്നിച്ചിറകുകൾ




ഉറങ്ങുമ്പോൾ കാണുന്ന സ്വപ്നങ്ങളല്ല ഉറക്കം കെടുത്തുന്ന സ്വപ്നങ്ങളാണ് കാണേണ്ടത് എന്ന് പറഞ്ഞ് കുട്ടികളെ സ്വപ്നം കാണാൻ കലാം പ്രേരിപ്പിച്ചു. യുവജനങ്ങൾക്ക് ലക്ഷ്യബോധവും പ്രയത്നത്തിൻെറ മൂല്യവും സമ്മാനിച്ചു. ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിൻെറ പൈതൃകവും സാംസ്കാരിക മൂല്യവും നമുക്കും പകർന്ന നൽകി.

അദ്ദേഹത്തിൻെറ ഓരോ വാക്കും യുവതലമുറയ്ക്ക് മാർഗ്ഗദർശനമായി ആ വാക്കുകൾ മനസ്സുകളെ ജ്വലിപ്പിച്ചു. തമിഴ് നാട്ടിലെ രാമേശ്വരം എന്ന കടലോരഗ്രാമത്തിൽ, ഒരു സാധാരണ കുടുബത്തിലാണ് അദ്ദേഹം ജനിച്ചത്.കഷ്ടപ്പാടുകൾ നിറഞ്ഞ ബാല്യത്തിലും അദ്ദേഹം വലിയ ലക്ഷ്യങ്ങൾ കണ്ടു. അതിനുവേണ്ടി  പരിശ്രമിച്ചു. അങ്ങനെ തൻെറ മുന്നിൽ വന്ന പ്രശ്നങ്ങളുടെ മുന്നിൽ കീഴടങ്ങാതെ വിജയിപ്പിച്ചു മുന്നേറി.
  സ്വപ്നം കാണാൻ യുവതലമുറയെ പ്രേരിപ്പിച്ച് അവർക്കു പ്രചോദനമായി കലാം ഇന്ത്യയുടെ സ്വാതന്ത്ര്യം എക്കാലവും സംരക്ഷിക്കപ്പെടണമെന്നത് അദ്ദേഹത്തിൻെറ സ്വപ്നമാണ്. ഇന്ത്യയെ ഒരു വികസിതരാജ്യമാക്കി  തീർക്കുകയെന്നതാണ് മറ്റൊരു സ്വപ്നം.സ്വയം പര്യാപ്തമായി വളത്തിയെടുക്കാൻനമുക്ക് ചുമതലയുണ്ട്.



ഒരു വൻസാമ്പത്തിക ശക്തിയായി ലോകത്തിനു മുന്നിൽ ഇന്ത്യ ഉയർന്നു നിൽക്കുന്നതാണ് കലാമിൻെറ മറ്റൊരു സ്വപ്നം രാഷ്ട്രത്തിൻെറ നിലനിൽപ്പും ഭാവിയും യുവതലമുറയിലാണെന്ന് അദ്ദേഹം വിശ്വസിച്ചു. അവ്യക്തമായ കാഴ്ചപ്പാട് ,ലക്ഷ്യബോധമില്ലായ്മ എന്നിവ ഇന്ത്യൻ യുവാക്കളുടെ പ്രശ്നങ്ങളാണെന്ന് അദ്ദേഹം പറയുന്നു. മറ്റുള്ളവരുടെ മുന്നിൽ മാതൃകാപുരുഷനായി സ്വയം പ്രതിഷ്ഠിക്കാൻ അദ്ദേഹം ആഗ്രഹിച്ചില്ല. അത് അഹങ്കാരമാണത്രേ. താഴെത്തട്ടിൽ നിന്നും വളർന്നു വന്ന അദ്ദേഹത്തിന് ധാരാളം സഹായങ്ങളും പ്രോത്സാഹനങ്ങളും ലഭിച്ചു. അവയെല്ലാം വളർച്ചയിൽ ശക്തിനല്കി. പിന്നോക്കമായ ചുറ്റുപാടിൽ നിന്നും വരുന്ന കുട്ടികൾക്ക് തൻെറ ജീവിതാനുഭവങ്ങൾ പ്രോത്സാഹനമാകുമെന്ന് അദ്ദേഹം വിചാരിച്ചു. ഈശ്വര കൃപയുണ്ടെങ്കിൽ ആർക്കും ഒരാളെ തടയാനാവില്ലെന്നും അദ്ദേഹം കരുതി. അധികാരവും സമ്പത്തും ഉള്ള ധാരാളമാളുകൾ നമ്മുടെ നാട്ടിലുണ്ട്. പക്ഷേ, മനസ്സിൽ സമാധാനമില്ലാതെ പലരും വിഷമിക്കുന്നു. യാതൊരു സമ്പാദ്യവുമില്ലാതെ സന്തോഷത്തോടെ ജീവിച്ചു വന്ന രണ്ടു വ്യക്തികളെ കലാം ഓർക്കുന്നു. രാഷ്ട്രപതിയായിരുന്നപ്പോൾ തൻെറ പിറന്നാൾ ഒരു ഗ്രാമത്തിൽ ചിലവാക്കാനദ്ദേഹം ആശിച്ചു. അതും ഒരു പിന്നോക്കഗ്രാമം . രാഷ്ട്രപതി വരുന്നുവെന്നറിഞ്ഞാൽ അവിടെ വെള്ളവും വൈദ്യുതിയും ചികിത്സാസൗകര്യങ്ങളും എത്തുമെന്നതായിരുന്നു അതിനു കാരണം. കലാം രാഷ്ട്രപതിയായിരുന്ന കാലത്ത് സാധാരണ മനുഷ്യരുടെ കുട്ടികളും അവിടെ നിത്യസന്ദർശകരായി.കുട്ടികളുടെ മുന്നിലെത്തി അവരോട് സ്നേഹത്തോടെ അദ്ദേഹം പെരുമാറി. കുശലാന്വേഷണങ്ങൾ, ചോദ്യങ്ങൾ ,ഉത്തരങ്ങൾ - ഇങ്ങനെ അവരെ ആകർഷിച്ചു. കുട്ടികളുടെ മനസ്സിൽ ഇടംപിടിച്ച മറ്റൊരു രാഷ്ട്രപതിയില്ല.

---ജോയൽ ഷിജു.---

# പച്ചക്കറി വിളവെടുപ്പ്





# <u>പഴഞ്ചൊല്ലുകൾ</u>

## <u>മഴ</u>

തിരുവാതിരയിൽ നൂറു മഴയും നൂറു വെയിലും
മഴ നിന്നാലും മരം പെയ്യും
മഴ പെയ്താൽ പുഴ അറിയും
തിരുവാതിരയിൽ തിരുമുറിയാതെ

## <u>കൃഷി</u>

മണ്ണറിഞ്ഞ് വിത്തിടുക
മുളയിലറിയാം വിള
വിത്ത്കുത്തി ഉണ്ണരുത്
നട്ടുതിന്നണം ചുട്ടുതിന്നരുത്

## <u>ഓണം</u>


കാണം വിറ്റും ഓണം ഉണ്ണണം
ഓണം പോലെയാണോ തിരുവാതിര?



## <u>വട്ടെഴുത്തുലിഖിതങ്ങൾ</u>

ഏതാണ്ട് ഒമ്പതുമുതൽ പതിനാലാം നൂറ്റാണ്ടു വരെ കേരളത്തിലെ പ്രധാന ലിപിയാണ് വട്ടെഴുത്ത്. ശിലകളിലോ ചെമ്പുതകിടുകളിലോ ആയിരുന്നു ഇത് എഴുതിയിരുന്നത്. വട്ടെഴുത്ത് തമിഴ്നാട്ടിലും പ്രചരിച്ചിരുന്നു.

# വായന



അറിവു തേടി  വളരുവാൻ വായന
മറവിരോഗം മറുമരുന്ന  വായന
ചിന്തകൾകും ചന്തമേകും വായന
ചിറകു നൽകി വരമേകും വായന
ദുഃഖങ്ങളകററിടുന്ന വായന
പിരിമുറുക്കം മാററിടുന്ന വായന
ജീവരക്ഷയായി മാറിടുന്ന വായന
കടലാസിനഴകാണു വായന
പേജിലെ മഷിനനവാണ് വായന

## പുൽച്ചാടിയും ഉറുമ്പുകളും

വേനൽക്കാലം കഴിഞ്ഞു.മഴക്കാലം വന്നെത്തി.മഴയത്ത് നനഞ്ഞൊലിച്ച്  വിറച്ച് പുല്ലിൽ ഇരിക്കുകയായിരുന്ന ഒരു പുൽച്ചാടി. കുറേ ഉറുമ്പുകൾ വരിവരിയായി മാളത്തിലേക്കു പോകുന്നതു കണ്ടു.പുൽച്ചാടി ഉറുമ്പുകളുടെ അടുത്തേക്കു ചെന്നു പറഞ്ഞു : "ഉറുമ്പുകളേ  നിങ്ങൾ ശേഖരിച്ചു വച്ച ധന്യത്തിൽ കുറച്ച് എനിക്കുകൂടി തരൂ, വിശന്നിട്ടു വയ്യ.”ഉറുമ്പുകൾ പറഞ്ഞു;വേനൽക്കാലത്ത് നീ എന്തുചെയ്യുകയായിരുന്നു?വേനൽ കഴിഞ്ഞാൽ മഴ വരുമെന്ന് നിനക്കറിയില്ലേ?ഞങ്ങൾ വേനൽക്കാലത്ത് ഭക്ഷണം കരുതിവച്ചു.നിനക്കും അങ്ങനെ ചെയ്യാമായിരുന്നില്ലേ?പുൽച്ചാടി പറഞ്ഞു: “വേനൽക്കാലത്ത് ഞാൻ നൃത്തം പെയ്യുകയായിരുന്നു.”

“എങ്കിൽ ഇപ്പോഴും പോയി നൃത്തം പെയ്തുകൊള്ളൂ" എന്നു പറഞ്ഞ് ഉറുമ്പുകൾ പോയി. അധ്വാനിക്കുന്നവർക്കേ അതിൻെറ ഫലമനുഭവിക്കാൻ അർഹതയുള്ളൂ എന്ന സന്ദേശം ആ ഈ കഥ പകർന്നുതരുന്നു.

# നാടൻകളികൾ

**കല്ലുകളി**

ഒന്നിൽ കൂടുതൽ പേർക്ക് കളിക്കാൻ കഴിയുന്ന ഒരു നാടൻ കളിയാണ് കല്ലുകളി. അഞ്ചു കല്ലുകളാണ് ഈ കളിക്കായി ഉപയോഗിക്കുന്നത്. ഒരു കല്ല് മുകളിലേക്ക് ഇടുന്ന നേരത്ത് താഴെ കിടക്കുന്ന കല്ല് ഒന്നെടുക്കണം . ഇതിനു ശേഷം മുകളിലേക്ക് ഇട്ട കല്ല് പിടിക്കുകയും ആണ് ചെയ്യേണ്ടത്.ഇങ്ങനെ അഞ്ചു കല്ലുകളും പിടിക്കുന്ന ആൾ വിജയിയാകുന്നു.

**അമ്മാനമാട്ടം**

രണ്ടു കല്ലുകൾ ഒരേ സമയം മുകളിലേക്ക് ഇടുന്നു.ഓരോ കല്ലുവീതം ഒരു കൈയിൽ പിടിക്കുന്നു. ഒരു കല്ല് കൈയിൽ ഉള്ളപ്പോൾ മറ്റൊരു കല്ല് മുകളിൽ ഉണ്ടാകും. ഈ ചാക്രികത തുടരുന്നതിനെയാണ് അമ്മാനമാട്ടം എന്ന് പറയുന്നത്.

**വള്ളിച്ചാട്ടം**

പേരുപോലെ തന്നെ വള്ളി കൊണ്ടുള്ള ചാട്ടമാണ് വള്ളിച്ചാട്ടം.ഇരു കാലുകൾക്ക് താഴെക്കൂടി വള്ളി കൊണ്ടു വരിക. അതിനു ശേഷം തലയിലൂടെ വീണ്ടും താഴേക്ക് കൊണ്ടു വരണം. ഇത് വേഗത്തിൽ ചെയ്താൽ വള്ളിച്ചാട്ടം കളിക്കാൻ തയ്യാറാകാം. വേഗത്തിൽ ചെയ്യുന്ന വ്യക്തിയെ വിജയിയായി കണക്കാക്കും.

**പന്തുകളി**

കളിക്കാരെ രണ്ടു വിഭാഗത്തിലാക്കി തിരിക്കണം. ഒരു പന്തിനു വേണ്ടി ഇരു വിഭാഗക്കാരും ഓടുന്നു. കാലിൻെറ പാദം വച്ചാണ് ഇത് കളിക്കുന്നത്. ഏതു വിഭാഗത്തിലെ കളിക്കാരാണ് പന്തിനെ ലക്ഷ്യത്ത് എത്തിക്കുന്നവോ അവർക്ക് മാർക്ക് ലഭിക്കും.

മീര സുരേന്ദ്രൻ

# വൈക്കം മുഹമ്മദ് ബഷീർ

1910-ൽ വൈക്കത്തിനടുത്ത് തലയോലപ്പറമ്പിൽ ജനിച്ച ബഷീർ ചെറുകഥയും കഥയും പുതിയ മാർഗത്തിലൂടെ അവതരിപ്പിച്ചു. പാത്തുമ്മയുടെ ആട്, ബാല്യകാലസഖി, ദിവാൻ എന്നിവ പ്രധാന കൃതികളാണ് . 1994 ജൂലൈ 4-ന് ബഷീർ ഈ ലോകത്തോടു വിട പറഞ്ഞു.

## പട്ടം

കുട്ടികൾ ഞങ്ങടെയാശകണക്കേ
പട്ടം വാനിലുയർന്നു!
കാറ്റിൽപ്പെട്ടൊരു കരിയിലപോലെ
ചുററിപ്പാറിനടന്നു!
ആകാശത്തിൻ നീലിമയൊപ്പാ-
നാശിച്ചെന്നതുപോലെ
വഴിതടയാനായ് നിരന്നവന്നൊരു
കരിമേഘങ്ങളെ നീക്കി,
കുതിച്ചുയർന്നു ചരടുകൾ ഞങ്ങടെ
കരത്തിലെന്നോർക്കാതെ!
പരുന്തിനെപ്പോൽ പട്ടം കാറ്റിൽ
പറന്നുപൊന്തീ വാനിൽ

## മലയാളമാണെന്റെ ഭാഷ

'അ'എന്ന വാക്കിൽ എന്നെയുണർത്തുന്ന
സ്നേഹത്തിൽ മാധുര്യമെന്റ ഭാഷ
ചൊല്ലിപഠിപ്പിച്ച ഗുരുവിന്റെ സ്മരണ
നല്കമെന്നും എന്റെ പ്രിയ ഭാഷ
കേരളനാടിൻ നന്മയുണരുന്ന
സ്നേഹത്തിൻ കനിവായുള്ള ഭാഷ
കാറ്റിലാടും വൃക്ഷച്ചില്ലകൾപോലും
ഒന്നായ് ചൊല്ലുന്ന സ്നേഹഭാഷ
ഏഴുനിറങ്ങളായ് ശോഭിച്ചു നില്ക്കും
മഴവില്ലിനുള്ളിലായുണ്ടാ ഭാഷ
പൂക്കൾതൻ തേനിലും
കുയിലുതൻ ഗാനത്തിലും
എൻ ഭാഷ മിന്നുന്നു
മലയാളികളെന്നും ഒന്നായ് ചൊല്ലുന്ന
അമ്മയായുണ്ടെന്നുമെന്റെ ഭാഷ

## മലയാള കവിതയിലെ മഹത്തായവരികൾ

1,പ്രത്യുപകാരം മറക്കുന്ന പുരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും
2,താന്താൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ
താന്താനനുഭവിച്ചീടുകെന്നേ വരൂ
3,മുല്ലപ്പൂമ്പൊടിയേറ്റുക്കിടക്കും
കല്ലിനുമുണ്ടാമൊരുസൗരഭ്യം.
4,അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം.
5,മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളി നിങ്ങളെത്താൻ.
6,മറ്റുള്ള  ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ.
7,യുദ്ധത്തിനെക്കൊണ്ടൊരിക്കലുമാവുകി
ല്ലുദ്ധരിച്ചീടാൻ സമാധാനനീതികൾ.

## പൂമ്പാറ്റ – ചെറുകഥ

കുട്ടി ഒരു ദിവസം ഒരു പൂമ്പാറ്റയെ കണ്ടു . അവൾ അതിനെ പിടിച്ച് വീട്ടിലേക്ക് കൊണ്ടുപോയി . ഒരു കുപ്പിയിൽ ഇട്ടുവച്ചു . രാത്രിയായി . അവൾ ഉറങ്ങാൻ കിടന്നു. രാവിലെ അവൾ കുപ്പി തുറന്നു . പക്ഷേ,കുപ്പിയിൽ പൂമ്പാറ്റയെ കാണുന്നില്ല . വെറും ചിറകുകൾ മാത്രം .

## കിട്ടാത്ത മുന്തിരി പുളിക്കും

ഒരിക്കൽ ഒരു കുറുക്കൻ കാട്ടിലൂടെ അലയുകയായിരുന്നു.വിശപ്പും ദാഹവും മൂലംഅവൻ നന്നേ അവശനായിരുന്നു.വിശപ്പടക്കാനായി ഒരു ചെറുമൃഗത്തെയെങ്കി ലും കിട്ടിയിരുന്നെങ്കിൽ എന്ന് മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ട് നടക്കവേ വഴിയരികിൽ ഒരു മുന്തിരിത്തോട്ടം അവന്റെ ശ്രദ്ധയിൽപ്പെട്ടു .നന്നായി വിളഞ്ഞ് പഴുത്ത് കുലകുലയായി കിടക്കുന്ന മുന്തിരി കണ്ട് അവന്റെ വായിൽ വെള്ളമൂറി.
“ഹായ് ,എന്തുമാത്രം മുന്തിരികൾ. എന്തുമധുരമായിരിക്കുമിതിന്" അവൻ ഉറക്കെ പറഞ്ഞു.മറ്റൊന്നുമാലോചിക്കാതെ വിശപ്പുമൂത്ത കുറുക്കച്ചൻ മുന്തിരി പറിക്കാനായി കയ്യെത്തിച്ചു.പക്ഷേ കിട്ടിയില്ല.ഇരുകാലിൽ ഏന്തിനിന്നുകൊണ്ട് വീണ്ടും

കൈയ്യെത്തിച്ചു.പക്ഷേ ശ്രമം വിഫലമായി.
അവസാനം എന്തും വരട്ടെയെന്നു കരുതി അവൻ മുകളിലേക്ക് ചാടാൻ തുടങ്ങി .പക്ഷേ എത്ര ചാടിയിട്ടും മുന്തിരിക്കുലകളിലൊന്നിൽപോലും തൊടാൻ കുറുക്കച്ചനുകഴിഞ്ഞില്ല. അവസാനം ചുറ്റുംനോക്കി മറ്റാരും കണ്ടില്ലെന്ന് ഉറപ്പിച്ചശേഷം അവൻ ഉറക്കെപ്പറഞ്ഞു. "ഹോ ! ഈ മുന്തിരികൾക്കെന്തുപുളിയാണ്.ആർക്കുവേണം."

## <u>കുഴിപ്പന്തുകളി</u>

തെങ്ങോലകൊണ്ട് ഉണ്ടാക്കിയപന്താണ് ഈകളിക്ക് ഉപയോഗിക്കുക. കളിക്കുന്നവർ എല്ലാവർക്കും ഒരോ ചെറിയ കുഴി ഒരേ വലിപ്പത്തിൽ നേർരേഖയിൽ ഉണ്ടാക്കുക. കുഴികളുടെ രണ്ടറ്റത്തായി രണ്ടുപേർ നിൽക്കുക.ആരുടെ കുഴിയിലാണോ പന്ത് വീഴുന്നത് അയാൾ പന്തെടുത്ത് മറ്റുള്ളവരെ എറിയുക. ഏറുകൊണ്ടയാൾ അതെടുത്തു വേറൊരാളെ എറിയുക.ഏറ്കൊണ്ടില്ലെങ്കിൽ അയാളുടെ കുഴിയിൽ ഒരു ചെറിയ കല്ല് ഇടുക. വീണ്ടും കുഴിക്കുമീതെ പന്ത് ഉരുട്ടി കളി തുടരുക. ആരുടെ കുഴിയിൽ 5 കല്ല് ആകുന്നുവോ അയാൾ പുറത്താകും ഇങ്ങനെ കളിതുടരാവുന്നതാണ്.

ഗോപിക മനോജ്

## <u>സിംഹവും ചുണ്ടെലിയും</u>

ഒരു മരത്തിനു താഴെ ഒരു സിംഹം കിടന്നുറങ്ങുകയായിരുന്നു. ഒരു എലി ചാടിക്കളിച്ച് ഓടിച്ചെന്ന് സിംഹത്തിന്റെ മേൽ കയറിയിരുന്നു. സിംഹം ഒന്നനങ്ങി അപ്പോഴാണ് താൻ ഇരിക്കുന്നത് ജീവനുള്ള സിംഹത്തിന്റെ ദേഹത്താണെന്ന് പാവം എലിക്ക് മനസിലായത്.എലി ഉടനെ ചാടിയിറങ്ങി അത് ഓടാൻ തുടങ്ങുമ്പോഴേക്കും സിംഹം മുൻകാലുകൊണ്ട് അതിന്റെ വാലിൻ പിടികൂടി. തുടർന്ന് അതിനെ ചവിട്ടിഞെരിച്ചു കൊല്ലാനാണ് സിംഹം ഒരുങ്ങിയത്. അപ്പോൾ പേടിച്ചുവിറച്ചുകൊണ്ട് എലി പറഞ്ഞു. “മൃഗരാജാവേ,അങ്ങ് എന്നോട് ക്ഷമിക്കണം.ഞാൻ അറിയാതെയാണ് അങ്ങയുടെ ഉറക്കത്തിന് ഭംഗം വരുത്തിയത്. എന്നെ കൊല്ലുക അങ്ങയുടെ അന്തസ്സിന് യോജിക്കാത്ത പ്രവൃത്തിയാണ്, ചെറുതല്ലേ ഞാൻ?ദയവായി അങ്ങ് എന്നെ വിടുക".ദയാലുവായ സിംഹം ആ എലിയെ വെറുതെ വിട്ടു.

## ക്വിസ്

1, ഏറ്റവും കൂടുതൽ ആയുർദൈർഘ്യംഉള്ള രാജ്യം

ഉ:-ജപ്പാൻ

2,ഏറ്റവും കൂടുതൽ  ആഴമുള്ള സമുദ്രം

ഉ:- പസഫിക്

3, ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യം

ഉ:-ഇന്ത്യ

4, ഏറ്റവും വലിയ രാഷ്ട്രം

ഉ:- റഷ്യ

5, ഏറ്റവും ചെറിയ രാഷ്ട്രം

ഉ:-വത്തിക്കാൻ സിറ്റി

6, ഏറ്റവും വലിയ ഭൂഖണ്ഡം

ഉ:-ഏഷ്യ

## മഴത്തുള്ളി

ഞങ്ങൾ മനുഷ്യരെപോലെയല്ല
മനുഷ്യരുടെ പ്രവർത്തിയല്ല ഞങ്ങൾക്ക്
ഞങ്ങൾ ഒത്തൊരുമയോടെ ജീവിക്കും
ഞങ്ങളിലെങ്കിൽ നിങ്ങളില്ല
ഞങ്ങളുണ്ടെങ്കിൽ എന്തും നടക്കും

## വായന മനസ്സിൻെറ ഭക്ഷണം

ഇന്ന് ലോകത്തിൽ വായന സാമൂഹിക മാധ്യമങ്ങളായ ഫോൺ,ടി.വി തുടങ്ങിയവയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. ആരും പുസ്തകങ്ങൾ വായിക്കാനായി ഉപയോഗിക്കാൻ തയ്യാറാകുന്നില്ല, അതിനാൽ തന്നെ ഈ വർഷത്തെ വായനാദിനവും ഇനി വരാനിരിക്കുന്ന വായനാദിനവും പ്രാധാന്യമുള്ളവയാണ്.

വായന അറിവ് നൽകുന്നതിനോടൊപ്പം മനസ്സിന് ശാന്തതയും നൽകുന്നു. വായനാശീലം നല്ല ശീലം ഉണ്ടാക്കുന്നു. നല്ല പെരുമാറ്റം വായനയിലൂടെ കൈവരിക്കാൻ കഴിയുന്നു. എന്നാൽ ഇതിൻെറ മഹത്വം പുതുതലമുറ മനസ്സിലാക്കുന്നില്ല. ഇൻറർനെറ്റിലൂടെ വായിക്കാനും കാണുവാനും കഴിയുമെങ്കില്ലും മനസ്സിന് സന്തോഷം നൽകുന്നത് പുസ്തക വായന തന്നെയാണ്. അമിതമായ ഫോണിൻെറ ഉപയോഗം പല രോഗങ്ങൾക്കും കാരണമാകുന്നു. എന്നാൽ പുസ്തക വായന മനസ്സിന് കുളിർമ നൽകുന്നു. പി.എൻ പണിക്കർ എന്ന മഹത് വ്യക്തിയുടെ ചരമ ദിനമായി നാം ആചരിക്കുന്ന വായനാദിനം എല്ലാ ദിവസത്തെയും പോലെ സാധാരണയായി കടന്നു പോകുന്നു. എന്നാൽ ആ ദിവസത്തിൻെറ പ്രാധാന്യം ആരും മനസ്സിലാക്കുന്നില്ല. ആ ദിവസത്തിൻെറ പ്രാധാന്യം മനസ്സിലാക്കുന്നത് കുറച്ച് പേർ മാത്രം. അവരാണ് വായനയുടെ മഹത്വം മനസ്സിലാക്കിയിട്ടുള്ളത്.

കുഞ്ഞുണ്ണി മാഷിൻെറ വാക്കുകളായ

“വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും.വായിച്ച് വളർന്നാൽ വിളയും വായിക്കാതെ വളർന്നാൽ വളയും."എന്നിവ വെറും പ്രസംഗത്തിലോ മറ്റും ആയി പ്രയോഗിക്കാതെ അവ സ്വന്തം ജീവിതത്തിൽ കൂടി പ്രയോഗിക്കേണ്ടിയിരിക്കുന്നു എന്നാൽ മാത്രമേ ഭാരതജനതയുടെ അറിവ് വളർത്തിയെടുക്കാൻ സാധിക്കുകയുള്ളൂ....

അതിനാൽ ഏവരും വായന ശീലമാക്കിയേ തീരൂ....

## കാറ്റിൽനിന്ന്  ഊർജം

വലിയ കാറ്റാടിയന്ത്രങ്ങൾചലിപ്പിക്കുന്നതിലൂടെയാണ് കാറ്റിൽ നിന്നുള്ള ഊർജോൽപ്പാദനം നടക്കുന്നത്. കാറ്റിന്റെ ശക്തികൊണ്ട് കാറ്റാടി കറങ്ങുന്നു. കാറ്റാടിയുടെ കറക്കം ജനറേറ്റർ പ്രവർത്തിപ്പിക്കുന്നു. അങ്ങനെ വൈദ്യുതി ഉണ്ടാവുന്നു.

# പൊന്നോണം

കാടും മേടും പൂത്തല്ലോ
കണ്ണിൽ കവിത വിരിഞ്ഞല്ലോ
പൂക്കൾക്കെല്ലാം പൊന്നോണം
പൂമ്പാറ്റയ്ക്കും പൊന്നോണം

വണ്ടുകൾക്കെല്ലാം പൊന്നോണം
പൂത്തുമ്പിക്കും പൊന്നോണം
പൂക്കളിറുക്കാൻ വന്നാട്ടെ
പൂക്കളമെഴുതാൻ വന്നാട്ടെ

ഉത്രാടക്കാറ്റെത്തുന്നു
ഉത്സവാഘോഷം പൊങ്ങുന്നു
തിത്തെയ് തിത്തെയ് തിരുവോണം
തിത്തെയ്യെന്നൊരു തിരുവോണം

ജോൺസൺ.

## മലയാള കവിതയിലെ മഹത്തായവരികൾ

1,പ്രത്യുപകാരം മറക്കുന്ന പുരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും
2,താന്താൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ
താന്താനനുഭവിച്ചീടുകെന്നേ വരൂ
3,മുല്ലപ്പൂമ്പൊടിയേറ്റുക്കിടക്കും
കല്ലിനുമുണ്ടാമൊരുസൗരഭ്യം.
4,അവനവനാത്മസുഖത്തിനാചരിക്ക-
ുന്നവയപരന്നു സുഖത്തിനായ് വരേണം.
5,മാറ്റുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളി നിങ്ങളെത്താൻ.
6,മറ്റുള്ള  ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ.
7,യുദ്ധത്തിനെക്കൊണ്ടൊരിക്കലുമാവുകി
ല്ലുദ്ധരിച്ചീടാൻ സമാധാനനീതികൾ.

ജോയൽ

# ഒ.എൻ.വി കുറുപ്പ്



മലയാളത്തിലെ പ്രശസ്ത കവിയാണ് ഒ.എൻ.വി കുറുപ്പ് (ജനനം:27 മെയ് 1931, മരണം: 13 ഫെബ്രുവരി 2016). ഒ.എൻ.വി. എന്ന ചുരുക്കപേരിലും അറിയപ്പെടുന്നു. ഒറ്റപ്ലാക്കൽ നീലകണ്ഠൻ വേലു കുറുപ്പ് എന്നാണ് പൂർണ്ണനാമം. 1982 മുതൽ 1987 വരെ കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ സ്ഥാനവും ഒ.എൻ.വി വഹിച്ചിട്ടുണ്ട്. സാഹിത്യ രംഗത്തെ സംഭാവനകൾ പരിഗണിച്ച് 2007-ലെ ജ്ഞാനപീഠ പുരസ്കാരം ഇദ്ദേഹത്തിന് 2010-ൽ ലഭിച്ചു. കേന്ദ്ര സർക്കാരിന്റെ പത്മശ്രീ (1998), പത്മവിഭൂഷൺ (2011) ബഹുമതികൾ ഇദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. നിരവധി സിനിമകൾക്കും നാടകങ്ങൾക്കും ടെലിവിഷൻ സീരിയലുകൾക്കും അദ്ദേഹം ഗാനങ്ങൾ രചിച്ചിട്ടുണ്ട്. 2016 ഫെബ്രുവരി 13 ന് തിരുവനന്തപുരത്ത് അന്തരിച്ചു.

**ജീവിതരേഖ**

കൊല്ലം ജില്ലയിലെ ചവറയിൽ ഒറ്റപ്ലാക്കൽ കുടുംബത്തിൽ ഒ. എൻ. കൃഷ്ണകുറുപ്പിന്റെയും കെ. ലക്ഷ്മിക്കുട്ടി അമ്മയുടേയും പുത്രനായി 1931 മേയ് 27 ജനിച്ചു. ഈ ദമ്പതികളുടെ മൂന്നുമക്കളിൽ ഇളയമകനാണ് ഒ.എൻ.വി. എട്ടു വയസ്സുള്ളപ്പോൾ അച്ഛൻ മരിച്ചു. പരമേശ്വരൻ എന്നായിരുന്നു ആദ്യത്തെ പേര്. അപ്പു ഓമനപ്പേരും. സ്കൂളിൽ

ചേർത്തപ്പോൾ മുത്തച്ഛനായ തേവാടി വേലുക്കുറുപ്പിന്റെ പേരാണ് നൽകിയത്. അങ്ങനെ അച്ഛന്റെ ഇൻഷ്യലും മുത്തച്ഛന്റെ പേരും ചേർന്ന് പരമേശ്വരൻ എന്ന അപ്പ സ്കൂളിൽ ഒ.എൻ.വേലുക്കുറുപ്പും സഹൃദയർക്ക് പ്രിയങ്കരനായ ഒ.എൻ.വി.യുമായി. പ്രാഥമിക വിദ്യാഭ്യാസം കൊല്ലത്ത്. ശങ്കരമംഗലം ഹൈസ്കൂളിൽ തുടർ വിദ്യാഭ്യാസം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1948-ൽ ഇൻറർമീഡിയറ്റ് പാസ്സായ ഒ.എൻ.വി കൊല്ലം എസ്.എൻ.കോളേജിൽ ബിരുദപഠനത്തിനായി ചേർന്നു. 1952-ൽ സാമ്പത്തികശാസ്ത്രത്തിൽ ബിരുദമെടുത്തു. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും 1955-ൽ മലയാളത്തിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി.

1989-ൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ ഇടതു സ്വതന്ത്രനായി തിരുവനന്തപുരം മണ്ഡലത്തിൽ നിന്നും മത്സരിച്ചെങ്കിലും പരാജയപ്പെട്ടു.

**<u>ഔദ്യോഗിക ജീവിതം</u>**

1957 മുതൽ എറണാകുളം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി. 1958 മുതൽ 25 വർഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും കോഴിക്കോട് ആർട്സ് ആൻഡ് സയൻസ് കോളേജിലും തലശ്ശേരി ഗവ: ബ്രണ്ണൻ കോളേജിലും തിരുവനന്തപുരം ഗവ: വിമൻസ് കോളേജിലും മലയാളവിഭാഗം തലവനായി സേവനം അനുഷ്ഠിച്ചു. 1986 മേയ് 31-നു ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചെങ്കിലും പിന്നീട് ഒരു വർഷക്കാലം കോഴിക്കോട് സർവ്വകലാശാലയിൽ വിസിറ്റിങ് പ്രൊഫസർ ആയിരുന്നു. കുട്ടികളുടെ ദ്വൈവാരികയായ തത്തമ്മയുടെ മുഖ്യ പത്രാധിപരായിരുന്നു.
കേരള കലാമണ്ഡലത്തിന്റെ ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം , കേരള സാഹിത്യ അക്കാദമി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചു . ഇന്ത്യൻ പ്രോഗ്രസ്സീവ് റൈറ്റേഴ്സ് ദേശീയ അധ്യക്ഷനായും സേവനമനുഷ്ഠിച്ചിട്ടുണ്ട് . യു.കെ., കിഴക്കൻ യൂറോപ്പ് , യുഗോസ്ളോവ്യ , സോവിയറ്റ് യൂണിയൻ, അമേരിക്ക, ജർമ്മനി, സിംഗപ്പൂർ , മാസിഡോണിയ, ഗൾഫ് രാജ്യങ്ങൾ എന്നീ വിദേശ രാജ്യങ്ങളിൽ ഒ.എൻ.വി. സന്ദർശനം നടത്തിയിട്ടുണ്ട് .
കാവ്യജീവിതം.വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ കവിതാരചന തുടങ്ങിയ ഒ.എൻ.വി തന്റെ ആദ്യ കവിതയായ മുന്നോട്ട് എഴുതുന്നത് പതിനഞ്ചാം വയസ്സിലാണ്. 1949-ൽ പുറത്തിറങ്ങിയ പൊരുതുന്ന സൗന്ദര്യം ആണ് ആദ്യത്തെ കവിതാ സമാഹാരം. ആദ്യം ബാലമുരളി എന്ന പേരിൽ പാട്ടെഴുത്തുടങ്ങിയതെങ്കിലും ഗുരുവായൂരപ്പൻ എന്ന ചലച്ചിത്രം മുതലാണ് ഒ.എൻ.വി എന്ന പേരിൽത്തന്നെ ഗാനങ്ങൾ എഴുതിയത്. ആറു പതിറ്റാണ്ടു ദൈർഘ്യമുള്ള സാഹിത്യജീവിതത്തിൽ നിരവധി പുരസ്കാരങ്ങൾ ഇദ്ദേഹത്തെ തേടി എത്തിയിട്ടുണ്ട്

## വായനാശീലം അനിവാര്യമോ ?

ഇന്ന് നാം ജീവിക്കുന്നത് കമ്പ്യൂട്ടർ യുഗത്തിലാണ്.എന്നാൽ ഇത്തരത്തിലുള്ള ശാസ്ത്രസാങ്കേതിക വിദ്യകളുടെ ആവിർഭാവത്തിന് മുൻപ് വിജ്ഞാനസമ്പാദനത്തിനും മറ്റ് അടിസ്ഥാന വസ്തുത ശേഖരണത്തിനും മനുഷ്യർ പുസ്തകങ്ങളെയായിരുന്ന ആശ്രയിച്ചിരുന്നത്. അച്ചടിയന്ത്രം കണ്ടുപിടിച്ചതിനുശേഷം വായനാക്കാരുടെ എണ്ണം യൂറോപ്യൻ രാജ്യങ്ങളിൽ മാത്രമല്ല,ഏഷ്യൻ രാജ്യങ്ങളിലും വർദ്ധിക്കുകയുണ്ടായി. കേരളത്തിൽ പോർച്ചുഗീസ് മിഷ്ണറിമാർ പുസ്തകങ്ങൾ ധാരാളം അച്ചടിച്ച് പ്രസിദ്ധീകരിക്കുകയുണ്ടായി 17,18 നൂറ്റാണ്ടുകളിൽ യൂറോപ്യൻ രാജ്യങ്ങളിൽ അക്ഷരാഭ്യാസം ഇല്ലാത്തവർക്കുവേണ്ടി, എഴുത്തും വായനയും അറിയാവുന്നവർ പുസ്തങ്ങൾ ഉറക്കെ വായിച്ചു കൊടുത്തിരുന്നു. ഇത്തരത്തിലുള്ള സായാഹ്നസദസുകൾ വിദേശരാജ്യങ്ങളിൽ മാത്രമല്ല നമ്മുടെ കേരളത്തിലും സജീവമായിരുന്നു. ഇന്ന് വായനാശിലം  തങ്ങളിൽ എത്ര പേരുണ്ടെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.വടിയെടുക്കാതെയും കണ്ണുരുട്ടാതെയും പഠിപ്പിക്കുന്ന ഗുരുനാഥന്മാരാണ് പുസ്തകങ്ങൾ.ജീവിതത്തിൽ അടുക്കോടും ചിട്ടയോടും കൂടി ജീവിതം നയിക്കുവാൻ പുസ്തകവായന സഹായിക്കുന്നു. ഓർമ്മശക്തി കൂട്ടുന്നതിനും അക്ഷരസ്ഫുടത വർദ്ധിപ്പിക്കുന്നതിനും പുസ്തകപാരായണം നമ്മെ സഹായിക്കുന്നു. ആധുനിക മനുഷ്യന്റെ തിരക്കുപിടിച്ച ജീവിതത്തിനിടയിൽ ഗ്രന്ഥപാരായണത്തിന് സമയം ലഭിക്കുന്നില്ല.ഇന്ന് ഗ്രന്ഥശാലകളുടെ പ്രവർത്തനവും പഴയതുപോലെ സജീവമല്ല...പണ്ട് ഗ്രാമങ്ങളിലെ നാൽക്കവലകളിൽ ഗ്രന്ഥശാലകൾ സജീവമായി പ്രവർത്തിച്ചിരുന്നു.കംമ്പ്യൂട്ടറിനു മുൻപിൽ മുഖം താഴ്ത്തിയിരിക്കുന്ന,ഇന്നത്തെ യുവതലമുറ പുസ്തകങ്ങളുമായുള്ള ചങ്ങാത്തം മറന്ന മട്ടാണ് കാണിക്കുന്നത്. വായനാമത്സരം പോലുള്ള പരിപാടികൾ കുട്ടികളിൽ വായനാശീലം ഉണ്ടാക്കുവാൻ സഹായകമാണ്. വിജ്ഞാനത്തിനും വിനോദത്തിവും'വായനയ്ക്ക്'സുപ്രധാന പങ്കുണ്ട്. നല്ല പുസ്തകങ്ങൾ വായിക്കുന്നതുമൂലം നമ്മുടെ മാനസികമായ സംഘർഷാവസ്ഥക്ക് അയവുവരുന്നു.മാനസികമായ ശുദ്ധചിന്തകൾ മനസിൽ നിറക്കാനും നല്ല ഉറക്കം ലഭിക്കുവാനും പുസ്തകങ്ങൾ എന്ന കൂട്ടുകാർ നമ്മളെ സഹായിക്കുന്നു. അതിനാൽ നല്ല വായനാശീലമുള്ളവരായി നമ്മൾ ഓരോരുത്തരും മാറണം.

“വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വളരും
വായിക്കാതെ വളർന്നാൽ വളയും

സാറ

## കീരിയും പാമ്പും

കീരി സമർത്ഥനായ ഒരു യുദ്ധ തന്ത്രജ്ഞനാണ് പാമ്പുമായുള്ള

യുദ്ധത്തിൽ,കൊത്താനായി ആഞ്ഞടുക്കുന്ന പാമ്പിൽ നിന്നും കീരി വളരെവേഗം ഒഴിഞ്ഞുമാറുന്നു. തന്റെ ശരിരത്തിലെ രോമങ്ങൾ ഉയർത്തി നിർത്താനുള്ള കഴിവ് കീരിക്കുണ്ട്. ഇങ്ങനെ രോമങ്ങൾ എഴുന്നു നിൽക്കുന്നത് കൊണ്ട് കിരിയുടെ ശരീര വലുപ്പം വളരെ കൂടുതലായി തോന്നും. കൂടാതെ, പാമ്പിന്റെ കൊത്ത് ഏൽക്കാതിരിക്കുകയും ചെയ്യുന്നു.

വിഫലമായി ഒരു കൊത്തിനുശേഷം അടുത്ത കൊത്തിനായി ഫണമുയർത്തുന്നതിനിടയ്ക്കുതന്നെ കീരി പാമ്പിനുമേൽ ചാടിവീണിരിക്കും .കീരിയുടെ ശരീരത്തിന് പാമ്പിന്റെ വിഷത്തെ ചെറുക്കാനുള്ള ശക്തി വളരെ കൂടുതലുമാണ്.

## അധ്യാപകദിനം



അധ്യാപകദിനം സെപ്റ്റംബർ 5-നാണ് ആഘോഷിക്കുക. ഭാരതത്തിന്റെ തത്വജ്ഞാനിയായ പ്രസിഡന്റ് ഡോ.സർവ്വേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനമാണിത് . മഹാനായ അധ്യാപകൻ , തത്വചിന്തകൻ , ഗ്രന്ഥകാരൻ എന്നീ നിലകളിലുള്ള ഉജ്ജ്വല അംഗീകാരവുമായാണ് അദ്ദേഹം ഭാരതത്തിന്റെ പ്രസിഡന്റായത്.ചെന്നൈ നഗരത്തിനടുത്തുള്ള തിരുട്ടാനിയിലാണ് 1888-ൽ ഡോ.എസ് രാധാകൃഷ്ണൻ ജനിച്ചത്.മദ്രാസ് സർവകലാശാലയിൽ നിന്നുംതത്വചിന്തയിൽ അദ്ദേഹം ബിരുദാനന്തരബിരുദം നേടി.

വേദാന്തത്തിന്റെ ധാർമികത എന്ന വിഷയത്തിൽ 1905-ൽ ഡോക്ടറേറ്റ് നേടി അദ്ദേഹം അധ്യാപകവൃത്തി തിരഞ്ഞെടുത്തു.ഇന്ത്യ അന്ന് ബ്രിട്ടീഷ് ഭരണത്തിൻകീഴിലായിരുന്നു.ഡോക്ടർ രാധാകൃഷ്ണൻ തന്റെ വിദ്യാർഥികളെ സ്വാതന്ത്ര്യസമരത്തിൽ അഭിരുചിയുള്ളവരാക്കി.

# ഭാഷാപിതാവ്



മലയാള ഭാഷയുടെ പിതാവാണ് എഴത്തച്ഛൻ പ്രാചീന കവിത്രയത്തിൽ ഒരാളായ അദ്ദേഹം മലപ്പുറം ജില്ലയിലെ തിരൂരിലുള്ള തുഞ്ചത്ത് തറവാട്ടിലാണ് ജനിച്ചത് .
16-ാം നൂറ്റാണ്ടിലാണ് ജീവീതകാലം . തമിഴ് പാരമ്പര്യത്തിൽ നിന്ന് നിലനിർത്താവുന്നത് നിലനിർത്തിയും സംസ്കൃതത്തിൽ നിന്ന് സ്വീകരിക്കാവുന്നവയെ സ്വീകരിച്ചും മലയാളത്തിന്റേതായി പുതിയൊരു സാഹിത്യഭാഷയ്ക്ക് രൂപം നൽകിയത് എഴുത്തച്ഛനാണ് .
കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായി എഴുത്തച്ഛൻ അറിയപ്പെടുന്നു .
കിളിപ്പാട്ട് എന്ന കാവ്യ പ്രസ്ഥാനം മലയാളത്തിൽ ആദ്യമായി അവതരിപ്പിച്ചത് എഴുത്തച്ഛനായിരുന്നു. അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് എന്നിവാണ് പ്രധാന കൃതികൾ .

ജോയൽ

# സ്കൂൾ വാർഷികം ക്യാമറക്കണ്ണിലൂടെ






വാളകം.
വാർഷികാഘോഷവും


വാർഷികാഘോഷവും

# ഇന്ത്യയിലെ ഒന്നാം സ്വാതന്ത്ര്യ സമരം



ബ്രിട്ടീഷ് ആധിപത്യത്തിനെതിരേ ഇന്ത്യയിൽ നടന്ന ആദ്യത്തെ സംഘടിത പ്രക്ഷോഭം 1857 – ലായിരുന്നു ; ഒന്നാം സ്വാതന്ത്ര്യസമരം . ബ്രിട്ടീഷുകാർ ശിപായിലഹള എന്നാണിതിനെ വിശേഷിപ്പിച്ചത് . ബ്രിട്ടീഷ് സൈന്യത്തിൽ ജോലി ചെയ്തിരുന്ന ഇന്ത്യക്കാരുടെ ഇടയിലായിരുന്നു പ്രക്ഷോഭത്തിന്റെ ആരംഭം. പശുവിന്റെയും പന്നിയുടെയും നെയ്യ് പുരട്ടിയതെന്നു കരുതപ്പെട്ട വെടിയുണ്ടകൾ ഉപയോഗിക്കാൻ അവർ വിസമ്മതിച്ചു . ആ പ്രതിഷേധം പ്രക്ഷോഭമായി 80,000 നാട്ടുപട്ടാളക്കാരാണ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരേ പോരാടാൻ ഇറങ്ങിയത് .

കച്ചവടത്തിനായി ഇന്ത്യയിലെത്തി, പതുക്കെപ്പതുക്കെ ഇന്ത്യയുടെ മിക്ക പ്രദേശങ്ങളിലും ഭരണം തുടങ്ങിയ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നടപടികൾ ജനങ്ങളെയും നാട്ടുഭരണാധികാരികളെയും ഒരുപോലെ വിഷമിപ്പിക്കുന്ന കാലമായിരുന്നു അത് . അതുകൊണ്ട്, ശിപായികൾ തുടങ്ങിയ പ്രക്ഷോഭം നാട്ടിലേക്കും പടർന്നു

ബംഗാളിലായിരുന്നു ആരംഭം . അതു പിന്നെ ഡെൽഹിയിലേക്കും രാജ്യത്തിന്റെ മറ്റു ഭാഷകളിലേക്കും വ്യാപിച്ചു . നാട്ടുരാജാക്കൻമാരും ബ്രിട്ടീഷുകാർക്കെതിരെ സമരത്തിൽ പങ്കെടുത്തിരുന്നു . പഞ്ചാബിന്റെ ചീഫ് കമ്മീഷണറായിരുന്ന ജോൺ ലോറൻസാണ് ഒടുവിൽ ഈ സമരം ( യുദ്ധം എന്നു തന്നെ പറയാം ) നിയന്ത്രണാധീനമാക്കിയത് .

സമരം മൂലം ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടില്ല . എന്നാൽ , ഈസ്റ്റ് ഇന്ത്യാ കമ്പനിയെ ഒഴിവാക്കി ബ്രിട്ടീഷ് രാജ്ഞി നേരിട്ട് ഇന്ത്യ ഭരിക്കാൻ തീരുമാനമായി .

-ജോയൽ ഷിജു

# ക്രിസ്തുമസ്സ് ആഘോഷം





## പഴഞ്ചൊല്ലുകൾ- വിത്തും വിളവും

1. വിതപോലെ കൊയ്ത്ത്
2.വിത്തുഗുണം പത്തുഗുണം
3.വിളഞ്ഞാൽപ്പിന്നെ വച്ചേക്കരുത്
4.വിളഞ്ഞകണ്ടത്തിൽ വെള്ളംതിരിക്കേണ്ട
5.വിത്താഴം ചെന്നാൽ പത്തായം നിറയും
6.കാലത്തേ വിതച്ചാൽ നേരത്തെ കൊയ്യാം
7.കള പറിക്കാഞ്ഞാൽ വിള കാണാം
8.കോരി വിതച്ചാൽ കുറച്ചേ കൊയ്യൂ
9.കാലം നോക്കി കൃഷി, മേളം നോക്കി ചാട്ടം
10.ചേറ്റിൽ കടിക്കുന്നവന് പൊടി പൂണ്ടാലെന്ത്
11.ചേറ്റിൽ കുത്തിയ കൈ ചോറ്റിൽ കുത്താം .
12. മകരത്തിൽ മതിമറന്നു പെയ്യും .


എൽദോസ്.ഇ.കെ

## ഗണിതക്വിസ്

* $10^{100}$ ഈ സംഖ്യയെ ഗണിത ശാസ്ത്രത്തിൽ പറയുന്ന പേര്?
ഉ:ഗൂഗോൾ
*ലോഗരിതം കണ്ടുപിടിച്ചതാര്?
ഉ:ജോൺ നേപ്പിയർ
*പൂജ്യം കണ്ടുപിടിച്ചത് ഏത് രാജ്യക്കാരാണ്?
ഉ:ഭാരതീയർ
*രാമാനുജൻ സംഖ്യ ഏതാണ്?
ഉ:1729
*നെഗറ്റീവ് സംഖ്യകൾ കണ്ടുപിടിച്ചത് ഏത് രാജ്യത്താണ്?
ഉ:ഇന്ത്യയിൽ
*സൂര്യഗ്രഹണം ആദ്യമായി പ്രവചിച്ച ശാസ്ത്രജ്ഞൻ?
ഉ:ഥേൽസ്

സാറ

# <u>പനിനീർപ്പൂ</u>



നെഹ്റുജി തന്റെ ഉടുപ്പിൽ ഒരു ചുവന്ന റോസാപ്പൂവ് കുത്തുക പതിവായിരുന്നു.ഇതിനു പുറകിൽ രസകമായ ഒരു കഥയുണ്ട്.

ഒരിക്കൽ നെഹ്റു തന്റെ താമസസ്ഥലത്തു നിന്നുപുറത്തേയ്ക്കിറങ്ങിയപ്പോൾ ഒരു പാവപ്പെട്ട സ്ത്രീ ചാച്ചാജിക്ക് ചുവന്ന ഒരു റോസാപ്പൂവ് സമ്മാനിക്കാൻ ശ്രമിച്ചു.എന്നാൽ നെഹ്റുവിന്റെ പടിക്കൽ നിനിരുന്ന സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാർ അത് തടഞ്ഞു. ആസംഭവം നിർധനയായ ആ സ്ത്രീക്ക് വല്ലാതെ വേദനിപ്പിച്ചു.തികച്ചും ദരിദ്രയായ അവർക്ക് പ്രധാനമന്ത്രിക്ക് നൽകുവാൻ കഴിയുന്ന ഏറ്റവും വലിയ ഒരു കാഴ്ചവസ്തുവായിരുന്നു അത്.

ചാച്ചാജി ഈ കാര്യമൊന്നും അറിഞ്ഞതേയില്ല.നാളുകൾ പലതും കടന്നുപ്പോയി പിറ്റേന്നു മുതൽ പതിവായി ഓരോ ചുവന്ന റോസാപ്പൂവ് പ്രധാനമന്ത്രിക്ക് അണിയുവാൻ വേണ്ടി തോട്ടക്കാരൻ രാവിലെ തന്നെ കൊടുത്തുപോന്നു. ഇന്നും ആ റോസാപ്പൂ കാണുമ്പോൾ ചാച്ചാജി നമ്മുടെ സ്മരണയിൽ ഓടിയെത്തുന്നു.

സാറ

# പ്രതീക്ഷയുടെ ലോകം

പണ്ട് ലോകത്ത് തിന്മയും ദുഃഖങ്ങളും ഇല്ലാതിരുന്ന അക്കാലത്ത് മാത്യൂസ് എന്നൊരാൾ ഉണ്ടായിരുന്നു.അയാളുടെ ഭാര്യയായിരുന്നു മേരി. ഒരു ദിവസം മാത്യൂസിന്റെയും മേരിയുടേയും മുന്നിൽ ഹെർമസ് ദേവൻ പ്രത്യക്ഷപ്പെട്ടു.ദേവന്റെ കയ്യിൽ ഒരു വലിയ പെട്ടിയും ഉണ്ടായിരുന്നു.നിങ്ങൾ രണ്ടാളും കുറേക്കാലം ഈ പെട്ടി സൂക്ഷിക്കണം ഞാൻ സമയമാകുമ്പോൾ വന്ന് ഈ പെട്ടി തിരികെ വാങ്ങിക്കൊള്ളാം.ഹെർമസ് ദേവൻ പറഞ്ഞു.മാത്യൂസും  മേരിയും സന്തോഷത്തോടെ ആ പെട്ടി വാങ്ങി. “ആഹ്.... ഒരു കാര്യം കൂടി എന്തൊക്കെ സംഭ വിച്ചാലും നിങ്ങൾ ഈ പെട്ടി തുറക്കരുത്.അത് ആപത്തുണ്ടാക്കും"ഹെർമസ് ദേവൻ പറഞ്ഞു.

ഇല്ല ദേവാ...ഞങ്ങൾ ഈ പെട്ടി തുറക്കുകയേ ഇല്ല.മാത്യൂസും മേരിയും വാക്കു നൽകി.അവർ പെട്ടി തങ്ങളുടെ നാട്ടിലേക്ക് കൊണ്ടുപോയി.

ദിവങ്ങൾ കടന്നുപോയി.മേരിക്ക് പെട്ടിക്കുള്ളിൽ എന്താണെന്നറിയാൻ ആഗ്രഹം തോന്നി.ഒടുവിൽ അവൻ അതു തുറക്കാൻ തന്നെ തീരുമാനിച്ചു.മേരി മാത്യൂസിന്റെ കണ്ണുവെട്ടിച്ച് പെട്ടിക്കരികിലെത്തി.പെട്ടി ഭദ്രമായി അടച്ച് സ്വർണ്ണ റിബണുകൾ കൊണ്ട് കെട്ടിയിരിക്കുകാണ്.എന്തൊക്കെയോ ശബ്ദങ്ങൾ പെട്ടിക്കുള്ളിൽ നിന്നും കേൾക്കുന്നുണ്ട്.അൽപ്പം പേടി തോന്നിയെങ്കിലും മേരി ധൈര്യം സംഭരിച്ച് സ്വർണ്ണ റിബണുകൾ മെല്ലെ അഴിച്ചു മാറ്റി പെട്ടി തുറന്നു. “ശൂം... കടന്നലുകൾ പോലെ മൂളിപ്പറക്കുന്ന ആയിരക്കണക്കിന് ജീവികൾ പെട്ടിക്കുള്ളിൽ നിന്നും പറന്നു പൊങ്ങി.അവ മേരിയെ ആഞ്ഞു കുത്തി.പെട്ടെന്നവൾ പെട്ടിയടച്ചു എന്നിട്ട് ഉറക്കെ കരഞ്ഞു.

മേരിയുടെ കരച്ചിൽ കേട്ട് മാത്യൂസും ജോലിക്കാരും ഓടിയെത്തി.ജീവികൾ അവരേയും കുത്തിമുറിവേൽപ്പിച്ചു.എന്നിട്ട് അവിടെ നിന്നും പറന്നുപോയി.മേരി നീ എന്തിനാണ് പെട്ടി തുറന്നത്?മാത്യൂസ് ദേഷ്യപ്പെട്ടു.അപ്പോഴാണ് പെട്ടിക്കുള്ളിൽ നിന്നും വീണ്ടും ഒരു ശബ്ദം.

"മേരി... മാത്യൂ... ഈ പെട്ടിയൊന്നു തുറക്കു.ഞാൻ നിങ്ങളെ സഹായിക്കാം.”മാത്യൂസ് പെട്ടിക്കരികിലേക്ക് ചെന്നു.അയ്യോ പെട്ടി തുറക്കല്ലേ ഇനിയും ജീവികൾ പുറത്തു ചാടും.മേരി പറഞ്ഞു.

ഇനി എന്തു സംഭവിച്ചാലും ശരി ഞാനിത് തുറക്കാൻ പോവുകയാണ്. അതും പറഞ്ഞ് മാത്യൂസ് പെട്ടി തുറന്നു.പെട്ടെന്ന് സ്വർണ്ണചിറകുള്ള ഒരു ജീവി പെട്ടിയിൽനിന്നും പറന്നുയർന്നു.അത് മേരിയുടേയും മാത്യൂസിന്റെയും മുറിവുകളിൽ ചെന്നിരുന്നു.അത്ഭുതം മുറികൾ അപ്രത്യക്ഷമായി.

മേരി നീ ആദ്യം തുറന്ന് വിട്ടത് തിന്മയുടെ ജീവികളേയാണ്.അതുകാരണം ഈ

ലോകത്ത് അസൂയ,ദുഃഖം,വേദന തുടങ്ങിയവ ഉണ്ടാകും.ആ ജീവികൾ ഇപ്പോൾ ലോകത്ത് തിന്മയുടെ വിത്തുകൾ വിതറിയിട്ടുണ്ടാകും. ഇനി എന്റെ ജോലി അവയെ ഇല്ലായ്മ ചെയ്യുക എന്നതാണ്.ഇത്രയും പറഞ്ഞ് മേരിയും മാത്യൂസും നോക്കി നിൽക്കെ ആ സ്വർണ്ണ ചിറകുള്ള നന്മയുടെ സ്വരൂപം പറന്നകന്നു.

മേരി അന്നു ചെയ്ത അനുസരണക്കേടിന്റെ ഫലമായി ലോകത്ത് ഇന്നു തിന്മ ഉണ്ടായത്.

സാറ ബീനു

## വായനാശീലം അനിവാര്യമോ ?

ഇന്ന് നാം ജീവിക്കുന്നത് കമ്പ്യൂട്ടർ യുഗത്തിലാണ്.എന്നാൽ ഇത്തരത്തിലുള്ള ശാസത്രസാങ്കേത്തിക വിദ്യകളുടെ ആവിർഭാവത്തിന് മുൻപ് വിജ്ഞാനസമ്പാദനത്തിനും മറ്റ് അടിസ്ഥാന വസ്തുത ശേഖരണത്തിനും മനുഷ്യർ പുസ്തകങ്ങളെയായിരുന്നു ആശ്രയിച്ചിരുന്നത്. അച്ചടിയന്ത്രം കണ്ടുപിടിച്ചതിനുശേഷം വായനാക്കാരുടെ എണ്ണം യൂറോപ്യൻ രാജ്യങ്ങളിൽ മാത്രമല്ല,ഏഷ്യൻ രാജ്യങ്ങളിലും വർദ്ധിക്കുകയുണ്ടായി.

## വിഷുവിൻെറ ആരംഭവും നാടോടിക്കഥയും

കൃഷിയുടെ ആരംഭത്തെക്കുറിച്ചും വിഷുവിൻെറ ഉൽപ്പത്തിയെക്കുറിച്ചും ഗോത്രവർഗക്കാർക്കിടയിൽ ഒരു കഥയുണ്ട്.
നാട്ടിൽ ആഹാരമില്ലാതെ സകലജീവികളും വിഷമിപ്പിച്ചപ്പോൾ ഒരു കുഞ്ഞ് അരയന്നം പ്രാർത്ഥിച്ചു. അപ്പോൾ അവർക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ട ദൈവം കുറെ വിത്തും  ഒരു കലപ്പയും ഒരു കാളയേയും ഒരു പൂവൻ കോഴിയേയും കൊടുത്തിട്ട് പറഞ്ഞു. "കോഴി കൂവുമ്പോൾ ഉണരണം കാളയെ കലപ്പകെട്ടി നിലമുഴുത് വിത്ത് വിതയ്ക്കണം. കൃഷി ആരംഭിച്ചാൽ  ദാരിദ്ര്യമുണ്ടാവില്ല. വിളവെടുക്കുമ്പോൾ ദൈവത്തെ ഓർത്താൽ മാത്രം മതി. ഇങ്ങനെ ഓർക്കുന്ന ദിവസമാണ് വിഷുവായി  ആഘോഷിക്കുന്നത്.
ഈ കഥയ്ക്ക് ഒരു പ്രത്യേകതയുണ്ട്. അരയന്നം പ്രാർത്ഥിച്ചപ്പോൾ ദൈവം ആഹാരം കൊടുക്കുകയല്ല ചെയ്തത്. കൃഷി ചെയ്യാനുള്ള ഉപകരണങ്ങൾ കൊടുക്കുകയായിരുന്നു. കൃഷിയും അധ്വാനവുമാണ് പ്രധാനം എന്ന സന്ദേശമാണ് കഥ നൽകുന്നത്.

-അശ്വതി മധു

# കൃഷിക്കാരൻെറ യുക്തി



ഒരിടത്ത് ഒരു നല്ല കൃഷിക്കാരനുണ്ടായിരുന്നു. അയാൾ കൂലിപ്പണി ചെയ്താണ് കുടുംബം പോറ്റിയിരുന്നത്. ഓരോ ദിവസവും കൂലിയായി കിട്ടുന്ന തുകയിൽ നിന്നും നിശ്ചിത തുക മിച്ചം വെച്ച് അയാൾ കുറച്ച് കൃഷി നിലം വാങ്ങി. അവിടെ നല്ല ഒരു മുന്തിരിത്തോട്ടം വളർത്തിയെടുത്തു. കാലക്രമത്തിൽ അയാൾ നല്ല സമ്പന്നനായി മാറി. നാടിൻെറ നാനാഭാഗത്തു നിന്നും ആളുകൾ മുന്തിരി വാങ്ങാൻ എത്തി. ധനികനായ അയാൾ ധാരാളം ആളുകൾക്ക് ജോലി നൽകുകയും ചെയ്തു. അയാൾ കൂടുതൽ തോട്ടങ്ങൾ വാങ്ങി. അയാൾക്ക് മൂന്ന് ആൺമക്കളുണ്ടായിരുന്നു. അവർ മൂന്നുപേരും തന്നെപ്പോലെ നല്ല കൃഷിക്കാരായി തീരണമെന്ന് അയാൾ ആഗ്രഹിച്ചു. എന്നാൽ മക്കളാവട്ടെ തീർത്തും അലസന്മരായി വളർന്നു. കാലം കുറേ കഴിഞ്ഞു. കൃഷിക്കാരൻ അവശനിലയിലായി. അയാൾ മക്കളെ വിളിച്ച് താൻ മരിക്കാറായെന്നും താൻ മക്കൾക്കായി ഒരു സ്വകാര്യനിധി തോട്ടത്തിൽ കുഴിച്ചിട്ടുണ്ടെന്നും തൻെറ മരണശേഷം അതു മൂന്നുപേരും കൂടിയെടുക്കണമെന്നും പറഞ്ഞ് മരിച്ചു. നിധി അന്വേഷിച്ച് മക്കൾ തോട്ടം കിളച്ചു മറിച്ചു. നിലം ഇളക്കിയപ്പോൾ മുന്തിരി കൃഷി പുഷ്ടിപ്പെട്ടു. അവർക്ക് നല്ല വിളവും ലഭിച്ചു. പിതാവുപറഞ്ഞ നിധി അതായിരുന്നുവെന്ന് അവർക്ക് ബോധ്യമായി.

-അശ്വതി മധു

## ഗാന്ധിജി ക്വിസ്

*ഹിന്ദ് സ്വരാജ് (ഇന്ത്യൻ ഹോംറൂൾ) ആരുടെ കൃതിയാണ് ?
ഉ: ഗാന്ധിജിയുടെ (1908)
*ഗാന്ധിജിയുടെ അപരനാമം?
ഉ:ബാപ്പുജി
*ഗാന്ധിജി സ്വയം പരിശീലിച്ച ചികിത്സാരീതി ഏത്?
ഉ:ജലചികിത്സ
*ഗാന്ധിജിയുടെ മനോരാജ്യം?
രാമരാജ്യം
*ഗാന്ധിജി ജനിച്ചത് എവിടെ?
പോർബന്തർ

## ജ്വാല

ഇനി നീയബലയായ് ഉലകിന്റെ ശാപമായ്
തുടരാതെ ഇരുൾനീക്കിയുണരൂ!
അകമേ കൊടും ചൂടും, അഗ്നിയും പേറി നീ
അണയാതെ അകമേ ജ്വലിക്കൂ
മാറ്റത്തിൻ ചുരികയും,അറിവിൻ പരിചയും
ബലമായ് ധരിക്കൂ , ജയിക്കൂ
ഇനി നിന്റെ സ്നേഹത്തിൻ ക്ഷമതൻ
കുടക്കീഴിൽ നയമോടെയെല്ലാമൊതുക്കൂ
ഇനി നീയബലയല്ലലകിന്റെ രാജ്ഞിയാ-
യകതാരിലലിവായ് വളരൂ.
ഇരതേടിയെത്തുന്ന രാത്രിഞ്ചരർക്കു നേർ-
ക്കുടവാളുമായ് നീ കുതിക്കൂ .
ഇനി നിന്റെ പെൺമക്കൾ കണ്ണീരിനപ്പുമാ-
യലിയാതെയലയായ് പടരൂ !
ചിരകാലസ്വപ്നം സഫലമാക്കീടുവാൻ
ഇളകാതെ പതറാതെ പോകൂ.


മേരി പി അൽഫോൺസ്
അധ്യാപിക

## പടയണി



കേരളത്തിൽ ആലപ്പുഴ, കൊല്ലം പത്തനംതിട്ട ജില്ലകളിലെ ചില ദേവിക്ഷേത്രത്തിൽ നടത്തി വരുന്ന അനുഷ്ഠാനകലയാണ് പടയണി. മറുത, യക്ഷി എന്നിവയുടെ കോലങ്ങളും നൂറ്റൊന്നു പാളകളിൽ തീർത്ത ഭൈരവിക്കോലങ്ങളും ഉള്ളുന്നു.

## ലോകരാജ്യങ്ങളിലേക്ക് ഒരു ജാലകം




ഏഷ്യയുടെ പടിഞ്ഞാറുഭാഗത്തു സ്ഥിതി ചെയ്യുന്ന പാലസ്തീൻ പരമാധികാരമുള്ള ഒരു സ്വതന്ത്ര രാഷ്ട്രമല്ല.എന്നാൽ, ഇന്ത്യ ഉൾപ്പെടെ പാലസ്തീനെ ഒരു രാഷ്ട്രമായിത്തന്നെ പരിഗണിക്കുന്ന നിരവധി രാജ്യങ്ങൾ ലോകത്തുണ്ട്. ഇസ്രായേലുമായുള്ള സംഘർഷങ്ങൾ പാലസ്തീനെ എന്നും ലോകശ്രദ്ധയിൽ സജീവമായി നിലനിർത്തുകയാണ്.
ജൂതരുടെ വാഗ്ദത്തഭൂമി എന്നു വിശ്വസിക്കപ്പെടുന്ന ഇസ്രായേൽ പാലസ്തീൻ ഭൂവിഭാഗങ്ങൾ മൂന്നു മതവിശ്വാസികളുടെ തീർത്ഥാടനഭൂമിയാണ്. ക്രിസ്തു,ഇസ്ലാം ,ജൂത മതസ്ഥർ ഇതിനെ പരിശുദ്ധ ഭൂമിയായാണു കരുതുന്നത്.മെഡിറ്ററേനിയൻ കടലിനും ജോർദ്ദാൻ നദിക്കുമിടയിലുള്ള പ്രദേശങ്ങളും അതിനോടു ചേർന്നു വരുന്ന ഭൂവിഭാഗങ്ങളുമാണ് ഇന്നു പാലസ്തീൻ എന്നു വിവക്ഷിക്കപ്പെടുന്നത് . പുരാതന നിവാസികളായ ഫിലിസ്ത്യന്മാരിൽ നിന്നാണ് 'പാലസ്തീൻ' എന്ന വാക്കുണ്ടായത്. ജൂതന്മാരുടെ കുടിയേറ്റം ആരംഭിച്ചതോടെയാണ് പാലസ്തീൻ സംഘർഷഭരിതമായത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിന്നിച്ചിതറിപ്പോയ ജൂതന്മാർ മാതൃരാഷ്ട്രമെന്ന സ്വപ്നസാക്ഷാത്കാരത്തിനായി വൻതോതിൽ തിരിച്ചു വരവ് ആരംഭിച്ചു.സിയോണിസം എന്ന പ്രസ്ഥാനം അതിന് ആക്കം കൂട്ടി. ജൂതകുടിയേറ്റത്തെ

അറബികൾ എതിർത്തതോടെ സംഘർഷം നിയന്ത്രണാതീതമായി . തങ്ങളുടെ ജന്മനാട്ടിലെ അവകാശം സ്ഥാപിച്ച കിട്ടുന്നതിനായി അറബികൾ സ്ഥാപിച്ച സംഘടനയാണ് പാലസ്തീൻ ലിബറൽ ഓർഗനൈസേഷൻ . പി എൽ ഒ.യെ ദീർഘകാലം നയിച്ചതും അതിശക്തനായ സംഘടനയാക്കിയതും യാസർ അറഫാത്തായിരുന്നു.

1994-ൽ നിലവിൽവന്ന പാലസ്തീൻ നാഷണൽ അധോരിറ്റിയാണ്. . ലോകരാഷ്ട്ര്ങ്ങളും അനേകം സമാധാനസംഘടനകളും നിരന്തരം ഇടപെട്ടിട്ടും പാലസ്തീൻ-ഇസ്രായേൽ പ്രശ്നം ചോരവാരുന്ന മുറിവായി തുടരുകയാണ്.

ബിന്ദു ദാസ്

## പൊന്നോണം



കാടും മേടും പൂത്തല്ലോ
കണ്ണിൽ കവിത വിരിഞ്ഞല്ലോ
പൂക്കൾക്കെല്ലാം പൊന്നോണം
പൂമ്പാറ്റക്കും പൊന്നോണം
വണ്ടുകൾക്കെല്ലാം പൊന്നോണം
പൂത്തുമ്പിക്കും പൊന്നോണം

പൂക്കളിറക്കാൻ വന്നാട്ടെ
പൂക്കളമെഴുതാൻ വന്നാട്ടെ

ഉത്രാടക്കാറ്റെത്തുന്നു
ഉത്സവാഘോഷം പൊങ്ങുന്നു
തിത്തെയ് തിത്തെയ് തിരുവോണം
തിത്തെയ്യെന്നൊരു തിരുവോണം

- അക്ഷയ് 9A

## **ഹരിതകേരളമേ..........**

കാർമേഘത്തുണ്ടുകൾ കർക്കിടകക്കുഴിയായ്
കതിരവക്കണ്ണിയെ മറയ്ക്കുമ്പോൾ
ഉടലാകെ കുളിരേകി നാണം കുണുങ്ങും
കേരങ്ങൾ നിറയുമീ ഗ്രാമയങ്ങൾ.

"കേരളം"നാമത്തിൻ ഹേതുവാം തരുണികൾ
കായലിൻ തീരത്തു മുടിയഴിക്കേ.......
മേഘക്കുടങ്ങളുടെ ചെപ്പു തുറന്നുവോ
മോഹക്കുടങ്ങളെ നീരിൽ മുക്കാൻ

കർക്കിടകത്തിൻ കറുത്ത പക്ഷത്തിനെ
കൈനീട്ടി വരവേറ്റു കവിതയാക്കി
മണ്ണിൻ പുതപ്പിലുറങ്ങിക്കിടന്നതാം
മുക്കുറ്റി കച്ചോലം മുയൽച്ചെവിയൻ
മുത്തങ്ങ തിരുതാളി കീഴകായ് നെല്ലി
കറുക കൈയോന്നി കാശ – തുമ്പ
കണിക്കണ്ടുണർന്നിടും കേരളപ്പഴമ
തലപൊക്കും ഉദയത്തിൻ പുണ്യം കാണാൻ....

അക്ഷയ്

# <u>ഞാനറിയാതെ</u>

ഒരിടവപ്പാതി മഴതൻ ഇടി നാദത്തോടൊപ്പം
മഴയിൽ പുൽ നാമ്പുകൾ കിളിർക്കുന്നതിന് തുല്യം
എൻ കലാലയ ജീവിതം തുടക്കമായി
അച്ഛൻെറ ഹസ്തങ്ങൾ തൻലച്ചൂടോടെ
ജനനീ തൻ വാത്സല്യ നിറവോടെ
അതിലേറെ മഴയെ പുണർന്നെൻ
പ്രഥമദിനം പ്രശോഭിതം
എൻ ഗ്രാമത്തിലൂടെനീളം മഴയെ പഴിക്കുന്നു
മഴയെ പ്രാകുന്നു. ചിലരതിനെവാഴ്ത്തുന്നു
അന്നാളിൽ മഴയെൻ പിഞ്ചിളം മനസ്സിൽ
ഉഗ്രകോപിയാം കാളിയായി ഞാനറിയാതെ
പിഞ്ചോമൽ പ്രായത്തിലാദ്യമായ് ഞാൻ
മുറ്റത്ത് മഴയിൽ കഴിക്കും  വേളയിൽ
പനിയെ ഭയന്നെൻ മാതാവെനിക്കായ് കരുതിയ
പ്രഹരത്തിനും ശകാരത്തിനും സാക്ഷിയായി ഈ മഴ
അഞ്ചാം തരത്തിലാദ്യമായ്  ഞാൻ
കൂട്ടരുമൊത്ത് കളിയാടും വേളയിൽ
കിഴക്ക് നിന്നേതോ വാഹനത്തെ പോലെത്തി
അന്നാളിൽ ഈ മഴയെൻ കളിക്കൂട്ടുകാരനായ്
മഴയത്ത് തേങ്ങുവാൻ എനിക്കേറെയിഷ്ടം കാരണം
എൻ കണ്ണീർകണങ്ങൾ മറ്റാരും കാണില്ലല്ലോ
മഴയത്ത് തേങ്ങുവാൻ എനിക്കേറെയിഷ്ടം കാരണം
എൻ തേങ്ങലിൽ ശബ്ദം അന്യർ ശ്രവിക്കില്ലല്ലോ
മഴയത്ത് തേങ്ങുവാൻ എനിക്കേറെയിഷ്ടം കാരണം
എൻ  കണ്ണീരൊപ്പാൻ മഴയുണ്ടല്ലോ. അന്നാളിൽ
മഴയെൻെറ മാതൃസ്ഥാനത്തെത്തി ഞാനറിയാതെ
ഒന്നര പതിറ്റാണ്ടിലേറെയായി മഴയെനിക്ക്
കാഴ്ചയായി,സാക്ഷിയായി, കളിക്കൂട്ടുകാരനായി
മാതൃസ്ഥാനത്തെത്തി എൻ മാതാവായി
ഞാൻ അറിയാതെ

-അശ്വതി മധു

# അമ്മയുടെ നിലവിളി




ഭ്രൂമിയുടെ വിളികൾ കേൾക്കാൻനാരുണ്ട്
ഇനിയും കേട്ടില്ലരും .
വൃക്ഷമൃഗാദികളുടെ മൃത്യൃ അകറ്റാനാരുണ്ട്
ഇനിയും വന്നില്ലാരും
ആരുമില്ലിവിടെ എല്ലാവർക്കും ഒന്നേചിന്ത
പണമെന്ന ചിന്ത
പച്ചപ്പുൽ മേട്ടിൽ കളിച്ചമർന്നിരുന്ന
ബാലസംഗം ഇന്നിങ്ങനെ സാങ്കേതികയുഗത്തിൽ
വെറുംമൊരു ജഡമായിമാറുന്ന
യാന്ത്രികമാകുന്ന ജീവിതവീഥിയിൽ
എന്തെന്നില്ലാതെയൊരു ഇറച്ചിക്കോഴിയായി
നീങ്ങുന്ന നാം.

ഫ്ലാറ്റായി മാറുന്ന ഉലകം മെങ്കിൽ
ജീവാശം വെറുമൊരു വാക്കുമാത്രം
പഴമകൾ ഓർക്കാൻ വെറുമൊരു
ഓർമ മാത്രം.........

സാറ

## താരീകന്താരോം

സൂര്യേന്ദിച്ചു കണ്ടേ താരീകന്താരോം
നേരം പുലർന്നുപോയേ താരീതിനന്തോം
ഒരു പിടി ഞാറെടുത്തേൻ താരികന്താരോം
ആദിത്യൻ കതിരുനോക്യേ താരീതിനന്തോം
ആദിത്യൻ കതിരുകണ്ടേ താരീകന്താരോം
തൈവത്തെ കൈയെടുത്തേൻ താരീതിനന്തോം
തമ്പുരാൻ വന്നല്ലോ താരീകന്താരോം
തല്ലിക്കര കേറ്റുമേ താരീതിനന്തോം
നട്ടീട്ടും തീരുന്നില്ലേ താരീകന്താരോം

സാറ

## ഹൃദയസ്മിതം

കാളമേഘാളികൾ കാലപ്പകർച്ചയാൽ
നീലാംബരത്തിൽ നിന്നെന്നാലും
വാർമവില്ലൊളി സ്വപ്നംകണ്ടംബരം
ളുമിന്നൽകോൾമയിർ ക്കോണ്ടിടുന്നു
കുരിരുൾക്കൂട്ടങ്ങൾ നിശ്ശബ്ദസംഗീത -
ധാരയെഴുക്കിച്ചിരിച്ചീടുന്നു !
വേനലിൻ കാഠിന്യത്താൽ സന്തപ്തരായാലും
കാനനച്ചോലകൾ പുഞ്ചിരിയാൽ
ആത്മസംഗീതം പൊഴിച്ചുകൊണ്ടെപ്പബ്പൊഴു -
മാത്മനാഥാന്തികം തേടിടുന്നു .

- ഇടപ്പള്ളി രാഘവൻപിള്ള

# ബഹിരാകാശത്തിലെ പറന്നുനടക്കൽ



ബഹിരാകാശവാഹനങ്ങളിൽ മനുഷ്യനും മറ്റും പറന്നുനടക്കുന്നത് ( float ) നിങ്ങൾ കണ്ടിരിക്കുമല്ലോ . എങ്ങനെയാണിത് സാധ്യമാകുന്നത് ? ഈ ചോദ്യത്തിന് സാധാരണയായി രണ്ട് ഉത്തരങ്ങൾ പറയാറുണ്ട് . ഒന്ന് , അവിടെ ഗുരുത്വാകർഷണം ഇല്ലാത്തതുമൂലമാണ് എന്നാണ് . എന്നാൽ ഏകദേശം 300 കി.മീ. ഉയരത്തിലുള്ള ഒരു ബഹിരാകാശപേടകത്തിലെ ഗുരുത്വാകർഷണബലം കണക്കുകൂട്ടിനോക്കിയാൽ ഭൂമിയിലേതിന്റെ ഏകദേശം 90 ശതമാനം വരുമെന്ന് കാണാവുന്നതാണ് . അതിനാൽ, ശൂന്യാകാശപേടകത്തിനകത്ത് വസ്തുക്കൾ പറന്നുനടക്കുന്നതിന്റെ കാരണം അവിടെയുള്ള ഗുരുത്വാകർഷണം ഇല്ലായ്മയല്ല എന്ന് മനസ്സിലാക്കാം .

ഇനി രണ്ടാമത്തെ ഭാഷ്യം നോക്കാം . അവിടെ വായുവില്ലാത്തതുകൊണ്ടാണ് പറന്നുനടക്കുന്നത് എന്നതാണ് . വായുവിന്റെ അസാന്നിധ്യത്തിലും ദ്രവ്യമാനമുള്ള ഏതൊരു വസ്തുവും താഴേക്ക് പതിക്കും . (ഐസക് ന്യൂട്ടന്റെ നാണയവും തൂവലും പരീക്ഷണം ഓർക്കുക.) വായുവിന്റെ സാന്നിധ്യമില്ലാത്ത ചന്ദ്രോപരിതലത്തിൽനിന്ന്

ചാട്ടുന്ന ഒരാൾ സാവധാനമാണെങ്കിലും വീണ്ടും ചന്ദ്രോപരിതലത്തിലേക്ക് പതിക്കുന്നത് കാണാം . ചന്ദ്രന്റെ ഗുരുത്വാകർഷണമാണ് ഇതിനു കാരണം . അപ്പോൾ, വായുവിന്റെ അസാന്നിധ്യവുമല്ല ബഹിരാകാശപേടകത്തിലെ യാത്രികരും മറ്റും പറന്നുനടക്കുന്നതിന് കാരണം .

ഇനി ബഹിരാകാശപീടകത്തിന്റെ തറനിരപ്പിൽനിന്ന് ഒരു മീറ്റർ ഉയരത്തിലുള്ള ഒരു വസ്തുവിനെപ്പറ്റി ചിന്തിച്ചുനോക്കു . ഗുരുത്വാകർഷണം കാരണം ഈ വസ്തു താഴേക്കുപതിച്ചുകൊണ്ടിരിക്കുകയാണ് . ഒപ്പം അതേ വേഗതയിൽ പേടകവും (തറയും) താഴേക്ക് പതിച്ചുകൊണ്ടിരിക്കുന്നു . അപ്പോൾ ആ വസ്തു തറനിരപ്പിൽനിന്ന് എപ്പോഴും ഒരു മീറ്റർ ഉയരത്തിൽതന്നെ സ്ഥിതിചെയ്യുന്നു . അതായത് , വസ്തു എപ്പോഴും പൊങ്ങിക്കിടക്കുന്നു .

- ജോയൽ ഷിജു.

## അക്ഷരങ്ങളുടെതോഴൻ



പി.എൻ പണിക്കരുടെ ജനനം 1909 മാർച്ച് 1 കോട്ടയം ജില്ലയിലെ ചങ്ങനാശേരി താലൂക്കിൽ നിലമ്പേരൂർ ഗ്രാമത്തിൽ.പുതുവായിൽ വീട്ടിൽ കർഷകകുടുംബത്തിൽ . അച്ഛൻ ഗോവിന്ദപിള്ള. അമ്മ പുതുവായിൽ ജാനകിയമ്മ. ഇവർക്ക് രണ്ട് കുട്ടികൾ

കേശവപണിക്കർ,നാരായണപണിക്കർ (പി.എൻ പണിക്കർ )ശരിയായ പേര് :പുതുവായിൽ നാരാണപണിക്കർ. പീന്നിട് പി.എൻ പണിക്കാർ എന്നറിയപ്പെട്ടു.വീട്ടിലെ വിളിപ്പേര് നാണ എന്നായിരുന്ന . മറ്റുകാര്യങ്ങൾ.സ്വന്തം ഗ്രാമത്തിലെ സനാതനധർമ്മ വായനാശാലയിൽ നിന്നാണ് ഗ്രന്ഥശാലാ പ്രവർത്തനം ആരംഭിച്ചത്.പിന്നിട് 1938 ൽ അമ്പലപ്പുഴയിൽസാഹിത്യ പഞ്ചാനനൻ പികെ നാരായണപിള്ളയുടെ പേരിൽഒരു ഗ്രന്ഥശാല സ്ഥാപിച്ചു.തുടർന്ന് ഗ്രന്ഥശാലകളെ ഏകോപിപ്പിക്കാനുള്ള ശ്രമങ്ങളിൽ മുഴുകി.ഗ്രന്ഥശാലാപ്രവർത്തി -ലൂടെ സാക്ഷരതാപ്രവർത്തനത്തിനും നേതൃത്വം നൽകി.

അലൻ

## നഗരം

ഇരുളിന്റെ കൺമഷി അലിഞ്ഞുതുടങ്ങിയിരിക്കുന്നു. തിരക്കുകൾ നിറഞ്ഞ വണ്ടിയുടെ കോലാഹലങ്ങൾ കൊണ്ട് അന്തരീക്ഷമാകെ നിറഞ്ഞിരിക്കുന്നു. രണ്ടു മുണ്ടുകൾ വലിച്ചുകെട്ടി പാർപ്പിടമെന്ന് സ്വയം വിശേഷിപ്പിക്കുന്ന തിരസ്കൃതമായ സ്ഥലത്തുനിന്നും തന്റെ കുഞ്ഞിനേയും ഒക്കത്തുവച്ച് തലയിൽ ഒരു മാറാപ്പുമായി അവൾ നടന്നു. എവിടെ നിന്നെന്നറിയാതെ, എങ്ങോട്ടേയ്ക്ക് എന്നറിയാതെ, തന്റെ ദുഃഖഭാരങ്ങൾ മനസ്സിൽ കൊണ്ട് അവൾ തന്റെ യാത്ര തുടരുന്നു. അന്ന് അവൾ ആഗ്രഹിച്ചു. സമീപത്ത് കണ്ട കടയിൽ അവൾ കയറിച്ചെന്നു. എന്നാൽ കടമുതലാളി അവളെ അറപ്പോടെയും വെറുപ്പോടെയും കണ്ടു. അവൾ അവിടെ നിന്നില്ല. ആ പടി വിട്ടിറങ്ങി. ആ നഗരത്തിലെ എല്ലാ ആളുകളും അവളെ വെറുപ്പോടെ നോക്കിയിരുന്നു. എന്നാൽ തനിക്കുള്ള 'ദാരിദ്ര്യം' എന്ന മഹാദുഃഖത്തിന്റെ കൂടെ ഈ ഒരു ചെറുദുഃഖവും അലിഞ്ഞു ചേർന്നത് അവൾക്ക് ഒരു വലിയ കാര്യമായി തോന്നിയില്ല.

അന്ന് ആ നഗരം ഒരു ഉത്സവത്തിന്റെ കോളിലായിരുന്നു. ദീപാലങ്കാരങ്ങൾ , ബലൂണുകൾ , തോരണങ്ങൾ എന്നിവകൊണ്ട് അവിടമാകെ നിറഞ്ഞിരുന്നു. നഗരമദ്ധ്യത്തിൽ ഒരു സർക്കസ് കൂടാരം ഉയർന്നു. തന്നെ പോറ്റാനോ തന്റെ കുടുംബത്തെ പോറ്റാനോ എന്നറിയില്ല. കോമാളി വേഷങ്ങൾ കെട്ടിയ കുറെ മനുഷ്യർ ആ നഗരത്തിൽ ഒരു അതിസാഹസിക നൃത്തം നടത്തുന്നു.

അവൾ തന്റെ മാറാപ്പുമായി സർക്കസ് കൂടരത്തിന്റെ ഒരു വശത്തിരുന്നു. മാറാപ്പ് പതിയെ അഴിച്ച് അതിലെ കളിമൺ പ്രതിമകൾ ഓരോന്നായി ഇറക്കിവച്ചു. അവൾ ഓരോരുത്തരേയും കൈകാട്ടിവിളിച്ചു തുടങ്ങി.

സൂര്യൻ അസ്തമിക്കാൻ നേരമായി. ഇതുവരെ ഒന്നും വിറ്റഴിഞ്ഞിട്ടില്ല. അവൾ ഓരോ പ്രതിമകളും തന്റെ മാറാപ്പിലേക്ക് കയറ്റിവച്ച് അവിടെനിന്ന് എഴുന്നേറ്റു. വാടിതളർന്ന കണ്ണുകളും , എരിയുന്ന മിഴികളും , പൊരിയുന്ന വയറും. താനെങ്ങിനെ നടക്കും എന്നവൾ

ശങ്കിച്ചു. പെട്ടെന്നാണ് ഒരു വലിയ ഹോണടി കേട്ടത്. ചീറിപ്പാഞ്ഞുവന്ന ആ കാറ്. വന്ന വേഗത്തിൽ തന്നെ അകലേക്ക് പറന്നു പോയി. ആ കാർ വരുത്തിവച്ച പൊടിപടലങ്ങൾ മാറാൻ കുറച്ചു സമയം എടുത്തു. ആ പൊടിപടലങ്ങളുടെ ശമനം; കുഞ്ഞിനേയും താങ്ങി നടന്ന അവളിലെക്ക്ശ്രദ്ധ തിരിച്ചു. കുഞ്ഞ് വാവിട്ട് കരയുന്നുണ്ടായിരുന്നു. അവളുടെ കണ്ണുകൾ അടഞ്ഞിരുന്നു. രക്തം വാർന്നൊലിക്കുന്നുണ്ടായിരുന്നു. അവളുടെ ചുറ്റും ആളുകൾ കൂടി. ചിലർ പരിഹസിച്ച് ചിരിച്ചു. ചിലർ സൂക്ഷമതയോടെ മൊബൈൽ ഫോണിൽ ഫോട്ടോ എടുത്തു കൊണ്ടിരുന്നു. തൻെറ ജോലി തിരക്കിലും ആ കാഴ്ച കാണാൻ ചിലർ അവിടെ എത്തിയിരുന്നു. കണ്ടു കഴിഞ്ഞതിനു ശേഷം തൻെറ ആവശ്യങ്ങൾ നിറവേറ്റാൻ ഓടുന്ന മനുഷ്യർ ആരും അവളെ സഹായിച്ചില്ല. അവളുടെ രക്തം വാർന്നൊലിച്ചുകൊണ്ടേയിരുന്നു.

-ജോൺസൺ

## അമ്മൂമ്മക്കഥകൾ

നല്ലപോലൊന്നു മുറുക്കിത്തുപ്പി,
പല്ലില്ലാമോണ വെളിക്കു കാട്ടി,
അമ്മൂമ്മ നല്ല കഥ പറയും
അമ്മുവും അപ്പുവും കേട്ടിരിക്കും
രാജകുമാരന്റെ,ഭൂതത്തിന്റെ,
നാഗരാജന്റെ...കഥകൾ കേൾക്കേ,
അത്ഭുതം കൊണ്ടു മിഴിവിടരും
ആനന്ദം കൊണ്ടു മനം നിറയും
കൂനൻ കുറുക്കന്റെ കൗശലങ്ങൾ
കുരിയാറ്റപ്പെണ്ണിൻ രോദനങ്ങൾ
ആനപ്പകതൻ പഴങ്കഥകൾ,
ആയിരമായിരം സംഭവങ്ങൾ....
അമ്മൂമ്മ വർണ്ണിക്കും മൂളിമൂളി -
യമ്മുവുമപ്പുവും കേട്ടിരിക്കും
എന്തു വിചിത്രമാണക്കഥകൾ!
എന്തു രസകരമക്കഥകൾ!

സാറ

# <u>പ്രതിഭകൾ</u>











വര-ബിനു ദാസ്